തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു എന്ന തിരുവചനം നമ്മെ പഠിപ്പിക്കുമ്പോൾ നാം തികഞ്ഞ ദൈവസ്നേഹം ഉള്ളവരോ എന്ന് നമ്മെത്തന്നെ ഒന്ന് ശോധന ചെയ്യുന്നത് നന്നായിരിക്കും ഈ നോമ്പ് കാലത്ത്. നാം കോവിഡിനെ ഭയന്ന് ആരാധനയിൽ നിന്നുമൊക്കെമാറി നിന്നിട്ടുള്ളവരല്ലെ? എന്നാൽ ദൈവത്തിന്റെ തികഞ്ഞ സ്നേഹമല്ലെ നമ്മെയും നമ്മുടെ പ്രിയപ്പെട്ടവരെയും ഈ മഹാവ്യാധിയിൽ നിന്നും സുരക്ഷിതരായി കാത്തു സൂക്ഷിച്ചത്. നിന്റെ വശത്ത് ആയിരവും വലതുവശത്ത് പതിനായിരവും വീഴും എങ്കിലും അത് നിന്നോട് അടുത്തുവരികയില്ല എന്ന് സങ്കീർത്തനത്തിൽക്കൂടി ദൈവം നമ്മോട് വാഗ്ദാനം ചെയ്തിരിക്കുന്നു. എങ്കിൽ ഈ ദൈവത്തെ നാം എത്രമാത്രം സ്നേഹിക്കേണ്ടവരാണ്. ദൈവത്തിന് സ്തോത്രയാഗം അർപ്പിക്കുക. ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും നാം ദൈവത്തിങ്കലേക്ക് അടുത്തു ചെല്ലുക. ,,വരുവീൻ നാം യഹോവയുടെ അടുക്കലേക്ക് ചെല്ലുക, അവൻ നമ്മെ കടിച്ചുകീറിയിരിക്കുന്നു, അവൻ നമ്മെ സൗഖ്യമാക്കും, അവൻ നമ്മെ അടിച്ചിരിക്കുന്നു. അവൻ മുറിവു കെട്ടും രണ്ടു ദിവസം കഴിഞ്ഞിട്ട് അവൻ നമ്മെ ജീവിപ്പിക്കും. മൂന്നാം ദിവസം അവൻ നമ്മെ എഴുന്നേൽപിക്കും, നാം അവന്റെ മുമ്പാകെ ജീവിക്കുകയും ചെയ്യും(ഹോശേയ.6;1-2) ഈ പ്രത്യശയോടെ ഈ വർഷത്തെ നോമ്പാകുന്ന തീർത്ഥയാത്രക്ക് ഒരുങ്ങാം.

God's blissful Grace during Covid-19

Ecology; the branch of science concerned with the interrelationship of organisms and their environments (as per Merriam Webster Dictionary).

-Ajoy Jacob George,
St Stephen's Indian Orthodox Church, Kuwait.

As we all know Ecology is a word of English vocabulary we rarely come across and mostly surfaced only in books owned by students of life sciences. The 2nd possibility it can be found are when environment activists are on warheads with the activists in TV Channels discussions when there is any burning issue on environment. Most biologists or even the well-educated of the society rarely think or act as if it is a word or science God Almighty Himself had gifted the Universe. That too never deterred man from respecting the objective of the science to 'be concerned of the interrelationship of organisms' and he continued his game plan with his selfishness, disrespect, avarice outclassing his fellow-humans and eyeing a challenge to God Almighty even.

The misdeed of man was sensed by the Lord after creation (**Genesis 6:5, 6 - The LORD saw how great the wickedness of the human race had become on the earth, and that every inclination of the thoughts of the human heart was only evil all the time. The LORD regretted that he had made human beings on the earth, and his heart was deeply troubled**]. The wickedness of human race endangering the world continued and all except man himself realized the danger he was spreading time and again. At the time of this write-up is completed, not even the one who prepares it, stay away from justifying umpteen times the acts we do with our might. We intensify our tries in all departments to fulfil our worldly desires as focused & sacredly, as we shall be to God/s. God Almighty have been looking down without taking off His eyelids from the deeds too enthralling to man and had decided to send his messenger again to check he still remembers the pathways he is supposed to tread. We read in **St. Luke 20:16, He, "the Master will come and kill those tenants and give the vineyard to others",** forgiving the loss of His Son to the evil tenants. Here, it is time to realize He is sending His 2nd messenger, one which is unseen but with his high magnitude of lethal power to make others obey and fear it's army. His Son was not heard well and was ignored. Avarice and greed of His sons & daughters dug deep to the roots and foundation & the very existence of Mother Earth.

We know by this time the name COVID-19 is familiar to even toddlers. We can't say God Almighty, the loving & forgiving father will do anything to annihilate or replace the mankind. As believers, we are blessed to have got a blessing in disguise to recap and rewind the past life with respect to pre- and post-Corona days. Though tough to imagine such an invisible virus is too scathing that it's invincibility had so far conquered castles, palaces and mud-houses alike, it is our duty to record it for the future generations.

Blessings that got rained on Earth with Corona pandemic:

- The pandemic visually and literally silenced many by use of masks, gloves, soap and sanitizers as: mankind restored their basic habit of cleanliness in-house and in society. We see in **1 Kings 19.12, after Earthquakes and Fires** [that shook and burned many parts of the world], **there came a peaceful silence from which we heard Lord's voice.** The world got the fortune of experiencing divine silence starting from humans.
- Social distancing emptied the roads, malls, public places and so on and thereby cleansed the Nature & gifted her with fresh air, fresh water and fresh fragrance of new and lively sprouting of life. By the novel experience by the attack of Corona virus had alerted Man of what was said in H. Quran that 'do not walk upon the earth exultantly, as you will never tear the Earth apart, and you will never reach the mountains in height' [Surat Al-

Isra, 37]. The pandemic had given lessons that human race can use the natural resources but not misuse them, store them, but more than they need etc.

- It's written in Thirukkural by Thiruvullavar that 'it is the unfailing fall of rain that sustains the world and hence, rain shall be looked upon as Nectar of Life'. Unfortunately, the past had displayed human actions and changes that charred & spoiled the face of earth and made her susceptible to various phases of changes including lack of rain and untimely rains, Tsunamis, untimely tidal waves, landslides, earthquakes and wildfires are all examples of after-effects. Scientists say the current natural conditions post-Corona had made Earth so well ripe to bless her inhabitants with rains, keep her soil moist for better crops, the hole in the Ozone layer got closed due to reduction in air and atmospheric pollution & so on.
- Days before Corona, starting from the days the world received a facelift with modernization, we were with God's instruction in book of Genesis to **"till & keep the earth in a balanced and respectful way"**. But even with **Gandhiji** advise foreseeing our greedful ways**, 'earth provides everything for man's need, but not for his greed',** we had ignored and acted opposite to put the earth in a precarious position. The current lock down is in a way 'Earth affected by Virus, and is in a reformatting mode' can be considered a right, re-balancing medication period. As amongst the multitude of His creations, we shall be thankful for the restructuring though it's tough to adjust mentally.
- Mankind had knowingly or unknowingly had avoided fauna & flora away from our vicinity, either by destructing their homes or invading their

homes to be used for our will. Even though the presence of the animals and plants were an indispensable part of the ecosystem, mankind was in a destruction spree and had finally reached his final destiny. Earth has an inane ability to recapture what is lost and recreate what was used up and so, even before Covid-19 days, animals of forests started to come down to residential areas due to encroaching of forests again by humans. Now that the urban as well as rural areas had been left empty, it is a regular sight areas crowded with people are seen with animals making visits to them. The pictures here show animals enjoying the very crowded streets in 2 famous cities.

- Now, to sum up what exactly we assimilated from this unexpected visitor as Corona virus, it had gained for the mankind the blessed custom of monitoring cautiously the relationship with fellow citizens, family, neighbours and even the surroundings. We are too cautious that man had decided to stop visits to Fast-food chains, Cinema Halls, Religious houses, Educational institutions, Banks, Government offices etc. even without Government instructions. Ecology in the current circumstances is a word which indirectly so meaningful and every individual respects for their own life to move on. Humans had looked deep to **Revelation 11.18 ….. rewarding of the people and those destroying those who destroy the earth"** and **St. Matthew 6.26 Behold the fowls of the air** & had started respecting even fellow living beings like trees and mammalian family folks. It is the biggest gain evolved from these Corona days. When we realize by healing the Earth, we are in fact healing ourselves & damaging the society, we are diminishing ourselves from this Nature, we underlines we are the right heirs of the Earth.

Conclusion: Let us hope these experiences came as free with Corona virus, be a Rainbow to the mankind that ensure any future step will be by being watchful and reminiscing both past sweet and bitter gifts he had enjoyed. Let our future generation too learn from the same. May God bless us all!

Come Oh Lord !!!! For We Are Sinners !!!

Benny Daniel

One more Easter is about to come.

It was a soothing drive with the cool breeze engulfing the whole body making both body and spirit alive with no hustle and bustle of city life . Though the time was 11am the roads bore a deserted look. It spread out like a unfurled carpet waiting for the sounds of motors to enliven it . I was coming back from church after the service which was restricted by the Priest and 3 personals including me to make it live so that others of church congregation can watch it.

I was reminded of last years easter ,which was accompanied with the chimes,songs,and candles announcing the ressuration of Christ from the dead, which gave a festive look all over the world. The Easter sunday spreads the light of hope,among the humanity that the Christ has overcome the death . Lent and Easter are the two sides of the same coin. Lent prepares, purifies, and meditations builds the internal strength to fight against the evils. Easter eggs symbol of life brings in one to gain vitality ,faith and hope to live on.

This period is really an eye opener to all rich and poor which resulted in abridging the gap. The small biological weapon has not spared palaces and the slums . It made us to look into ourselves . Through this hibernation , we made ourselves to realise that though we possess all the worldly attachments everything is null and void in the hands of nature ,and our mother nature has taught us to preserve her ,for we have borrowed the earth for our future generations to live . This period is a time for us to bring back everything we ignored, lost, to repair and resettle .

We proclaim, think ourself as the leaders in many ways but a small virus proved that he can make our so called identity a futile irrespective of caste/ creed/ religion/stature/country.

We have ego of being a Big Boss, ego of loads of money, ego of properties, ego of status in society but a small virus has made us to be in our home in a room.

We want to do all sort of dirty acts and believe that we have the capability to do as no one has seen, no one has asked, no one has questioned. We have the right to do it time and again, fear of the lord has gone.

Though we proclaim and profess ourselves like saint all these fifty days but behave with double edged sword mentality waiting for a chance to kill others through words, our acts and spreading ill feelings about others making their life miserable.

We have lost all our believes and we are just jokers trying to impress others through various forms of our acts. Though our Savior died on cross, redeemed us from all negativity but still we wait for the Easter to start again the negativity which we had forcibly stopped for 50 days.

Resurrection of almighty has now turned to be a day of festivity with celebration in a wrong way. We are just pronouncing the same and misleading our kids who are now far away from all these beliefs which our fore fathers passed on to us.

If we see we will find that the spirit, the fear, the discipline is sweeping off from our feat and can't imagine what it will be in coming years.

Let this Easter, with so much pains of COVID-19 make us more close to our Redeemer. Let we pronounce with tearful eyes and heavy heart that Yes Oh Lord !!! We are Sinners. Forgive us Almighty and save our souls as we are all answerable for our deeds in the last day of judgement.

Reminded of verse from Old Testament of Bible – Daniel Chapter 10, Verse 12-13

“Fear Not Daniel, for from the first day that though didst set thine heart to understand and to chasten thyself before thy God, thy words were heard and I am come for thy work”

Happy Easter to All my Readers



യാമങ്ങൾ കൊതിക്കുന്ന മൂന്നു മണിക്കൂറുകൾ.

Sr. Ludia, Bhilai

പരിശുദ്ധ സഭയുടെ കലണ്ടർ അനുസരിച്ച് ഒരു ദിവസം ആരംഭിക്കുന്നത് വൈകിട്ട് 6മണിയോടെയാണ്. ഞായറാഴ്ച ആരംഭിക്കുന്നത് ശനിയാഴ്ച സന്ധ്യയോടുകൂടെ ഞായറാഴ്ചയുടെ ശുശ്രൂഷകൾ ആരംഭിക്കുന്നു. ആ വിധത്തിലാണ് സഭയുടെ പ്രധാന പ്രാർത്ഥനയായ യാമപ്രാർത്ഥനകൾ ക്രമീകരിച്ചിട്ടുള്ളത്. പഴയരീതിയനുസരിച്ച് 7 യാമങ്ങളിലും(സന്ധ്യ, സൂത്താറാ, പാതിരാത്രി, പ്രഭാതം, മൂന്നാംമണി, ആറാംമണി, ഒൻപതാം മണി) പരിശുദ്ധ പിതാക്കന്മാർ യാമപ്രാർത്ഥനകൾ മുടക്കം കൂടാതെ നടത്തിയിരുന്നു. പ്രത്യേകിച്ച് ആശ്രമങ്ങളിലും മഠങ്ങളിലുമെല്ലാം സമയാസമയങ്ങളിൽ യാമപ്രാർത്ഥനകൾ നടത്തിയിരുന്നു. ആ കാലങ്ങളിൽ കൂടുതൽ സമയവും മറ്റുള്ള കാര്യങ്ങളിൽ വ്യാപൃതരാകാതെ മുഴുസമയ പ്രാർത്ഥനകളിൽ സംബന്ധിച്ചിരുന്നു. എന്നാൽ ദൈനംദിന ആവശ്യങ്ങൾക്ക് മാർഗ്ഗം ആരായേണ്ടതിനാൽ പലർക്കും പുറത്തുപോകേണ്ട ആവശ്യങ്ങളും മറ്റും ഉണ്ടായതിനാൽ 7 യാമങ്ങളെ കുറച്ച് ഒൻപതാംമണി-സന്ധ്യ, സൂത്താറാ, രാത്രി-പ്രഭാതം-മൂന്നാംമണി- ആറാംമണി ഇങ്ങനെ നടത്തുന്നുണ്ട് എന്നാൽ ഇന്നും 7 യാമങ്ങളിലും പലയിടങ്ങളിലും പ്രാർത്ഥനകൾ നടക്കുന്നുണ്ട് എന്നതും സാധാരണക്കാരായ മാതാപിതാക്കൾ 7 യാമങ്ങളിലും പ്രാർത്ഥന നടത്തുന്നുണ്ട് എന്നതും യാഥാർത്ഥ്യമാണ്. യാമങ്ങൾ വെട്ടിച്ചുരുക്കിയാലും പ്രാർത്ഥനകൾ വെട്ടിച്ചുരുക്കിയിട്ടില്ല. ഒരു സമയത്ത് രണ്ടും മൂന്നും യാമപ്രാർത്ഥനകൾ ഒരുമിച്ച് നടത്തുന്നു എന്നുമാത്രമാണ്. അങ്ങനെ വരുമ്പോൾ ഒരു ദിവസത്തിൽ 24 മണിക്കൂറും പ്രാർത്ഥനയുടെ സമയങ്ങളാണ്. സന്ധ്യയിൽ ആരംഭിക്കുന്ന പ്രാർത്ഥന ഒൻപതാംമണിയോടുകൂടി അവസാനിക്കുകയല്ല സന്ധ്യയിലേക്ക് പ്രവേശിക്കുകയാണ്. ഓരോ യാമപ്രാർത്ഥനകളുടെയും അടിസ്ഥാനത്തിലേക്കും ആഴങ്ങളിലേക്കും ഇറങ്ങുമ്പോൾ ദൈവസാന്നിദ്ധ്യവുമായി മനുഷ്യൻ ഒരു നിമിഷംപോലും അകലുന്നില്ല അഥവാ മനുഷ്യൻ അകന്നാലും ദൈവം അകലുന്നില്ല എന്നതാണ് നാം തിരിച്ചറിയേണ്ടത്. ഒരു പക്ഷെ മുഴുവൻ സമയവും ഒരു ദേവാലയത്തിലൊ അതുപോലുള്ള സാഹചര്യങ്ങളിലെ ഇരിക്കുവാൻ നമുക്ക് കഴിയുന്നില്ലെങ്കിലും നാം എവിടെയായിരുന്നാലും നാം ആയിരിക്കുന്ന സാഹചര്യത്തിൽ ദൈവസാന്നിദ്ധ്യബോധത്തോടെ നമ്മുടെ ജോലികളിൽ നമുക്ക് വ്യാപൃതരാകാം എന്നതാണ് യാമപ്രാർത്ഥനകളുടെ ആഴങ്ങളിൽ നിന്നും നാം മനസ്സിലാക്കുന്നത്. പ്രാർത്ഥനയുടെ ആത്മാവിലല്ലാതെ ഒരു നിമിഷംപോലും നാം വേർപെടുന്നില്ല എന്നതാണ്. മൂന്നുനേരത്തെ പ്രാർത്ഥനയെ നാം നടത്തുന്നുള്ളു എങ്കിലും 7 യാമങ്ങളിലൂടെയും നാം കടന്നുപോകുന്നുണ്ട്. തന്നെയുമല്ല ഒന്നിന് പിന്നാലെ ഒന്ന് എന്നപോലെ ഒരു ചെയിൻ പ്രയർ തന്നെയാണ് നടത്തുന്നത്. ഇടവിടാതെ പ്രാർത്ഥിക്കണമെന്ന് പൗലോസ് ശ്ലീഹാ നമ്മെ ഓർപ്പിക്കുമ്പോൾ യാമപ്രാർത്ഥനകളിൽ നാം ശ്രദ്ധവച്ചാൽ അത് ഇടവിടാതെയുള്ള പ്രാർത്ഥനയെന്ന് നമുക്ക് മനസ്സിലാക്കാം.

ഓരോ യാമപ്രാർത്ഥനയുടെയും അടിസ്ഥാനം നാം തിരിച്ചറിയുമ്പോൾ അവ ഓരോന്നും നമ്മുടെ സ്നേഹനിധിയായ കർത്താവിന്റെ ജീവിതവുമായി ബന്ധപ്പെട്ടിരിക്കുകയാണ്.

ഓരോ യാമത്തിലെയും പ്രാർത്ഥനയുടെ പ്രത്യേകതയെ ചിന്തിക്കുമ്പോൾ;

സന്ധ്യ. നമ്മുടെ കർത്താവ് തന്റെ കഷ്ടാനുഭവത്തിന്റെ തലേ രാത്രിയിൽ ശിഷ്യന്മാരുമൊരുമിച്ച് പഴയനിയമ പെസഹായുടെ അവസാനവും പുതിയ നിയമ പെസഹായുടെ ആരംഭവും കുറിച്ചുകൊണ്ട് ഒരുമിച്ച്

സമ്മേളിച്ച ധന്യമഹൂർത്ഥങ്ങളായിരുന്നു. അതുവരെയും നിലനിന്നിരുന്ന മൃഗബലിയ്ക്ക് അന്ത്യം കുറിച്ചുകൊണ്ട് പുതിയനിയമ പെസഹാക്കുഞ്ഞാട്, ക്രിസ്തു പുതിയ പെസഹാ ആരംഭിച്ചു. അവൻ അവരോട്, ഞാൻ കഷ്ടം അനുഭവിക്കുന്നതിന് മുമ്പെ ഈ പെസഹാ നിങ്ങളോടുകടെ കഴിപ്പാൻ വാഞ്ചയോടെ ആഗ്രഹിച്ചു. അത് ദൈവരാജ്യത്തിൽ നിവൃത്തിയാകുവോളം ഞാൻ ഇനി അത് കഴിക്കയില്ല എന്നു ഞാൻ നിങ്ങളോട് പറയുന്നു എന്നു പറഞ്ഞു(വി. ലൂക്കോ.22;15) ആ സന്ധ്യ ഹൃദയ ഭേദകമായിരുന്നു. മൂന്നര വർഷക്കാലം തന്നോടൊപ്പം ഉണ്ടായിരുന്ന, തന്റെ സുവിശേഷം തുടർന്നു കൊണ്ടുപോകേണ്ട ശിഷ്യന്മാരോടുകടെയുള്ള അന്ത്യഭോജനം. ഗുരു പറയുന്നതൊന്നും അവർക്ക് ശരിയായി മനസ്സിലാകുന്നില്ല എങ്കിലും അവരുടെ ഹൃദയം വിങ്ങുന്നതാണ്. ഗുരു വിനീതനായി ശിഷ്യന്മാരുടെ കാൽ കഴുകുന്നു, ഒന്നും അവർക്ക് സഹിക്കാൻ പറ്റുന്നില്ല, തള്ളിപ്പറയുന്നവൻ ഒറ്റിക്കൊടുക്കുന്നവൻ എല്ലാവരും അവിടെയുണ്ട്. യേശു തന്റെ കൈകളിൽ അപ്പമെടുത്തു. സ്വർഗ്ഗത്തേക്ക് കണ്ണുകൾ ഉയർത്തി, പിതാവിനെ ഏൽപിച്ചു. ജീവനോടെ ബലിനടക്കുകയാണ്. പിതാവ് സ്വീകരിച്ചു. ഇത് എന്റെ ശരീരം എന്നു പറഞ്ഞ്, ജീവനിരിക്കുമ്പോൾ തന്നെ ജീവനുള്ള ശരീരം നിത്യജീവന്റെ അച്ചാരമായി മുറിച്ച് ശിഷ്യന്മാർക്ക് കൊടുത്തു. യേശു കൊടുത്തത് അപ്പമായിരുന്നില്ല തന്റെ ജീവനുള്ള ശരീരമായിരുന്നു. പാനപാത്രവും കൈകളിലെടുത്ത് പിതാവിന് സമർപ്പിച്ചു. പിതാവ് സ്വീകരിച്ചു ബലിയായി. അതിൽനിന്നും പകർന്ന് ശിഷ്യന്മാർക്ക് കൊടുത്തു, ഇതെന്റെ രക്തം ഇത് പാനം ചെയ്യുവീൻ. ശിഷ്യന്മാർ വാങ്ങി പാനം ചെയ്തത് വീഞ്ഞായിരുന്നില്ല മറിച്ച് ജീവദായകമായ നിത്യ ജീവന്റെ അച്ചാരമായ ജീവനുള്ള രക്തമായിരുന്നു. ശിഷ്യന്മാർ ആ കണ്ണുകളിലേക്ക് നോക്കി. ഹൃദയഭേദകമായ ആ രംഗത്തിന് തിരശ്ശീല വീഴുമ്പോൾ സന്ധ്യായാമം സൂത്താറയ്ക്ക് വഴിമാറിക്കൊടുക്കുകയായിരുന്നു.

സൂത്താറാ നമസ്ക്കാരം. ശയന നമസ്ക്കാരം.
ശിഷ്യന്മാരിൽ മൂവരുമായി ഗെത്ശെമനയിലെത്തിയ കർത്താവ് അവരിൽ നിന്നും അല്പം മുമ്പോട്ടു പോയി കവിണ്ണുവീണു പ്രാർത്ഥിക്കുന്നു. അസഹനീയമായ അവർണ്യമായ വ്യഥ അവിടുന്ന് വഹിക്കുകയാണ്. പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം നീങ്ങിപ്പോകട്ടെ എന്ന പറയുന്നു. എങ്കിലും എന്റെ ഇഷ്ടമല്ല അവിടുത്തെ ഇഷ്ടം നടക്കട്ടെയെന്ന് സമർപ്പിച്ചു. വിയർപ്പുതുള്ളികൾ രക്തത്തുള്ളികളായി നിലംപതിക്കുകയാണ്. ഏകാന്തതയുടെ ആ രാത്രിയിൽ ശിഷ്യന്മാർ മയക്കത്തിലാണ്. അപ്പവും വീഞ്ഞും കഴിച്ച അവരെ ഉറക്കം പിടികൂടി. ഒരു നാഴിക എന്നോടുകടെ ഉണർന്നിരിപ്പാൻ നിങ്ങൾക്ക് കഴിയുന്നില്ലയൊ എന്നുപോലും ചോദിക്കുന്നു. എന്നാൽ അത് താൻ തനിയെ ഏൽക്കേണ്ടതാണ് അതിനാൽ നിദ്ര അവരെ പിടിക്കൂടി. തീവ്രമായ വേദനയിൽ അവിടുന്ന് തനിയെ ആയിരുന്നു. സൂത്താറാ പാതിരാത്രിക്ക് സ്ഥലം കൈമാറുമ്പോൾ ഏകാന്തതയിലിരിക്കുന്നവരോട് അവിടുന്നു പറയുന്നു ഏകാന്തതയിൽ ഞാൻ തനിയെ ചക്കു ചവിട്ടി, ഞാൻ നിന്നോടു കടെയുണ്ടായിരുന്നു എന്നു പറയുവാൻ ആരും ഉണ്ടായിരുന്നില്ല.

പതിരാത്രി. ഭയങ്കരമായ ഗെത്ശമെൻ അവസാനിച്ചു. ഇനി ഉറങ്ങി ആശ്വസിച്ചുകൊൾവീനെന്ന് ശിഷ്യന്മാരോട് പറഞ്ഞിട്ട് ശത്രുക്കൾക്ക് തന്നെ ഏല്പിച്ചുകൊടുക്കുവാനായി തയ്യാറായി. തന്നെ ബന്ധിക്കുവാൻ വരുന്നവരുടെ മുൻ നിരയിൽത്തന്നെ അരുമശിഷ്യൻ. ഒരു ചുംബനംകൊണ്ട് തന്റെ ഗുരുവിനെ കാണിച്ചുകൊടുത്ത് ശിഷ്യൻ മറഞ്ഞു. അവർ ഗുരുവനെ

ബന്ധിച്ചു ശിഷ്യന്മാർ ഓടി ഒളിച്ചു, അത്ഭുതംകാട്ടി രക്ഷപെടാതിരിക്കുവാൻ തക്കവണ്ണം സൂഷ്മതയോടെ അവർ ചങ്ങലയിട്ട് ബന്ധിച്ചു. ഇത്രയും നാൾ കാത്തിരുന്ന ഒരു പിടികിട്ടാപുള്ളിയെപ്പോലെ അവർ കർത്താവിനെ കൈയ്യേറ്റു. വലിച്ചിഴച്ച് ഒരു വലിയ കുഴിയിൽ കൊണ്ടിട്ടു. മരണം കാത്തുകിടക്കുന്ന ഒരു അറവുമൃഗം പോലെ ആ കുഴിയിൽ ഏകാന്തതയിൽ ചങ്ങലയാൽ ബന്ധിതനയി കിടക്കുന്ന ദൈവപുത്രന്റെ ഹൃദയവ്യഥ അളക്കുവാൻ ആരാലാവും. ഇത് ആർക്കുവേണ്ടിയെന്ന് മനുഷ്യൻ, നാം ഓരോരുത്തരും തിരിച്ചറിയുന്നുണ്ടൊ? പാതിരാത്രിമുതൻ പ്രഭാതം വരെ ഏതുമനുഷ്യനും സുഖമായി കിടന്നുറങ്ങുന്ന സമയം . ആദാം വർഗ്ഗത്തോടുള്ള ദൈവസ്നേഹം അതാ ആ കുഴിയിൽ പൂണ്ടു കിടക്കുന്നു. പ്രഭാതത്തിലേക്ക് തിരിനാളം നീട്ടി കതിരോൻ വരവായി.

പ്രഭാതം. അതിരാവിലെ തന്നെ ശത്രുക്കൾ കുഴിയുടെ സമീപമെത്തി. അവർ തമ്പുരാനെ അവിടെനിന്നും വലിച്ചെടുത്ത് കരയിലേക്കിട്ടു. അവിടെ ആരംഭിച്ചു അരമനകളിലേക്കും കൊട്ടാരങ്ങളിലേക്കുമുള്ള വലിച്ചിഴയ്ക്കൽ. പീലാത്തോസ്, ഹന്നാൻ, കയ്യഫാ, ഹേറോദേസ്, ഇവരുടെയെല്ലാം മുമ്പിൽ കൊടുംപാപിയായി, നിന്ദിക്കപ്പെട്ടവനായി പരിഹാസപാത്രമായി തമ്പരാൻ നിൽക്കുന്നു. ഇത്രയും നാൾ തങ്ങൾക്കെതിരെ തല ഉയർത്തി സംസാരിച്ചവന്റെ മുമ്പിൽ എല്ലാവരും തലയുയർത്തിനിന്നു. പഴിചാരൽ കള്ളസാക്ഷ്യം ഇതിന്റെ എല്ലാം നടുവിൽ. പീലാത്തോസ് പറഞ്ഞു ഇവനിൽ ഞാൻ കുറ്റം ഒന്നും കാണുന്നില്ല. ആദാമ്യവർഗ്ഗത്തിന്റെ പാപം മുഴുവനും ഏറ്റെടുക്കേണ്ടവൻ ബലിയാകണം രക്തം തളിച്ച് ശുദ്ധിവരുത്തണം. പ്രഭാതം മുതൽ മൂന്നാംമണിവരെ ചോദ്യശരങ്ങൾക്കുമുമ്പിൽ. പ്രഭാതം മൂന്നാംമണിക്ക് വഴമാറിക്കൊടുക്കുമ്പോൾ പീലാത്തോസ് വിധിയെഴുതി.

മൂന്നാം മണി.
 അവരുടെ നിലവിളി ഫലിച്ചു, അവരുടെ അപേക്ഷ പോലെയാകട്ടെയെന്ന് പീലാത്തോസ് വിധിച്ചു. യേശുവിനെ അവരുടെ ഇഷ്ടത്തിന് ഏല്പിക്കയും ചെയ്തു(വി. ലൂക്കോ.23;24) പീലാത്തോസിൽ നിന്നും വിധിനേടിയ ശത്രുക്കളുടെ കൈയ്യിൽ പിച്ചിച്ചീന്തുവാനായി യേശുവിനെ വിട്ടുകൊടുത്തു.

ഇത്രയുംനാൾ എതിരായി സംസാരിച്ചവനെ ഇഞ്ചിഞ്ചായി ഇല്ലാതാക്കുവാൻ അവർ തീരുമാനിച്ചു. ആവോളം ആസ്വദിച്ച് അവർ പീഢനമുറ ആരംഭിച്ചു.
ചെകിട്ടത്തടിച്ചു, മുഖത്ത് തുപ്പി, കണ്ണുകെട്ടിത്തല്ലി ആരാണ് നിന്നെ അടിച്ചതെന്ന് പറയുക, എന്നുകളിയാക്കി, ചമ്മട്ടികൊണ്ട് അടിച്ച് വികൃതമാക്കി, മുതുക് ചാലുപോലെ കീറി, തലയിൽ മുൾമുടി അടിച്ചിറക്കി, പരിഹാസത്തിന്റെ മുൾമുനയിൽ നിർത്തി. ഒരു മനുഷ്യനും സഹിക്കുവാനും വഹിക്കുവാനും പറ്റാത്ത വിധത്തിൽ അവർ തമ്പുരാനെ ഉപദ്രവിച്ചു. അമാനുഷീകമായ ശക്തിയോടെ ആദാം വർഗ്ഗത്തിന്റെ വേദന മുഴുവനും അവിടുത്തെ ശരീരത്തിൽ ഏറ്റെടുക്കുകയാണ്. മൂന്നാം മണി ആറാംമണിക്ക് കൈമാറിയപ്പോൾ കൈകാലുകൾ മരത്തോടുചേർത്ത് അടിച്ചിറക്കി, ആ മരക്കുരിശ് ഗോഗുൽത്തായുടെ നെറുകയിൽ താഴ്ത്തിനാട്ടി.
ആറാംമണി. കൈകാലുകൾ ആണിയാൽ ബന്ധിച്ച് ശ്വാസം വലിച്ചുവിടാൻ സാധിക്കാതെ യേശുകർത്താവ് തൂങ്ങിക്കിടക്കുന്നു. ആകാശത്തെയും ഭൂമിയെയും സർവ്വചരാചരങ്ങളെയും സ്നേഹത്തോടെ നിർമ്മിച്ചവൻ ആ സ്നേഹത്തോടെ തന്നെ ആകാശത്തിനും ഭൂമിക്കും മദ്ധ്യേ തൂങ്ങിക്കിടക്കുന്നു. പിതാവിന്റെ സ്നേഹം ഭൂമിയിലേക്കും തന്റെ ഹൃദയത്തിൽ നിറഞ്ഞ സ്നേഹം ഇരുവശങ്ങളിലേക്കും വാരിവിതറിക്കൊണ്ട് അതാ കിടക്കുന്നു. സ്നേഹത്തിന്റെ മണിമുത്തുകളായി രക്തത്തുള്ളികൾ നാലുപാടും ചിതറിവീഴുന്നു. ഇവിടെ പിതാവ് കൈവിട്ടോ? ഒരിക്കലുമില്ല, പിതാവിന്റെ നിത്യനിർമ്മല സ്നേഹമാണ് പുത്രനിലൂടെ പ്രവഹിക്കുന്നത്. കാൽവറിയിലെ ബലി അത് നിത്യസ്നേഹത്തിന്റെ ബലിയാണ്, പുത്രന്റെ വേദന അത് പിതാവിന്റെ വേദനയാണ്. അത് ത്രിത്വം ഏറ്റെടുക്കുകയാണ്. സ്നേഹിക്കുന്ന കുഞ്ഞിന്റെ വേദനയിൽ മാറിനിൽക്കുവാൻ ഏതു പിതാവിനാണ് സാധിക്കുക, ആ സ്നേഹമാണ് കുരിശിൽ പിടയുന്നത്. എത്രമാത്രം സ്നേഹിച്ചോ അത്രമാത്രം വേദനിക്കുകയാണ്. ഒരു അളവുകോൽകൊണ്ടും അത് അളന്നുകുറിക്കാൻ ആരാലും സാദ്ധ്യമല്ല. ആറാംമണി ഒൻപതാം മണിക്ക് നിമിഷങ്ങൾ കൈമാറുമ്പോൾ:
ഒൻപതാം മണി. പിതാവിന്റെ കൈകളിൽ ആത്മാവിനെ ഭരമേല്പിച്ചുകൊടുത്തുകൊണ്ട് തലവണങ്ങി നിൽക്കുന്ന പുത്രന്റെ മൗനമായ വിടവാങ്ങൽ, തന്റെ മനുഷ്യാവതാര ദൗത്യം പൂർത്തിയാക്കുമ്പോൾ തെറ്റുകാർക്ക് മോചനം, അനാഥർക്ക് നാഥൻ, പാപിക്ക് മോക്ഷം, ദാഹിക്കുന്നവന് ജീവജലം, കൈവിടപ്പെട്ടവന് കൈത്താങ്ങൽ, എല്ലാറ്റിന്റെയും പൂർണ്ണത. ആത്മാവിനെ തിരികെ ഏല്പിക്കൽ.
ഇവിടെ ഒരു ദിനം മിന്നിമറയുന്നു. ഒരു ദിവസത്തിലെ ഏതു നിമിഷമാണ് ദൈവസാന്നിദ്ധ്യബോധത്തിൽ നിന്നും നമ്മെ അകറ്റി നിർത്തുന്നത്? ജോലിത്തിരക്കിനിടയിലും ആ പരമസ്നേഹിയെ ഒന്നു നോക്കുമ്പോൾ ധ്യാനിക്കുവാനുള്ള നിമിഷങ്ങളല്ലെ നമുക്കുള്ളു. 7യാമങ്ങളിലും നിറഞ്ഞുനിൽക്കുന്ന സ്നേഹത്തിന്റെ സ്മരണ. ഓരോ മൂന്നു മണിക്കൂറിലും തമ്പുരാൻ അനുഭവിച്ച വ്യത്യസ്തങ്ങളായ ഹൃദയനൊമ്പരങ്ങൾ നമുക്കുവേണ്ടി അനുഭവിച്ച നൊമ്പരങ്ങളായി നമുക്കും ധ്യാനിക്കാം. 7യാമങ്ങളിലെ പ്രാധാന്യത്തെ മനസ്സിൽ ധ്യാനിച്ചുകൊണ്ട് നാം കഴിയുന്നുവെങ്കിൽ ഒരു ശക്തിക്കും നമ്മെ അതിൽനിന്നും അകറ്റുവാനൊ പാപത്തിൽ വീഴിക്കുവനൊ എളുപ്പമല്ല. പരിശുദ്ധ വലിയ നോമ്പിലേക്ക് നാം പ്രവേശിക്കുമ്പോൾ നമ്മുടെ ഓരോ നിമിഷങ്ങളും പ്രാർത്ഥനയുടെ ആത്മാവിലാകട്ടെ അതിനായി ദൈവത്തിൽ ആശ്രയിക്കാം. സ്വർഗ്ഗീയ പിതാവിന്റെ ആ പരമസ്നേഹത്തിനുമുമ്പിൽ തലവണങ്ങി പുത്രൻ പഠിപ്പിച്ച പ്രാർത്ഥന ഏറ്റുചൊല്ലാം. എല്ലാം മറന്നാലും മറക്കുവാൻ സാദ്ധ്യമല്ലാത്ത ഒന്നാണ് ആ പ്രാർത്ഥന. ചുട്ടുപൊള്ളുന്ന അന്തരീക്ഷത്തിൽ തണുത്ത വെള്ളത്തിലുള്ള ഒരു ഷവർബാത്താണ് ഈ പ്രാർത്ഥന എന്നു നാം തിരിച്ചറിയേണ്ടതാണ്. എല്ലാ പ്രാർത്ഥനകളും കടഞ്ഞെടുത്താൽ ലഭ്യമാകുന്ന ദിവ്യമായ അനുഭൂതിയാണ് അതിൽ അടങ്ങിയിരിക്കുന്നത്.
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! അവിടുത്തെ നാമം പരിശുദ്ധമാകപ്പെടണമേ, അവിടുത്തെ രാജ്യം വരണമേ, അവിടുത്തെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ, ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്ന് ഞങ്ങൾക്ക് നൽകണമേ, ഞങ്ങളുടെ കടക്കാരോട്

ഞങ്ങൾ -ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിക്കണമേ. ഞങ്ങളെ പരീക്ഷയിൽ പ്രവേശിപ്പിക്കരുതേ ദുഃഷ്ടനിൽ നിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നേക്കും അവിടുത്തേക്കുള്ളതാകുന്നു. ആമ്മീൻ. പ്രാർത്ഥനയിൽ ഉറ്റിരിക്കുമ്പോൾ നാം ഉപവാസത്തിന്റെ (കൂടെയായിരിക്കുന്നതിന്റെ) ആ വലിയ മഹത്വം അനുഭവിക്കുന്നു. ഈ വർഷത്തെ പരിശുദ്ധ നോമ്പ് അനുഗ്രഹത്തിന് ഇടയാകുവാൻ ഉണരാം, ഒരുങ്ങാം, ദൈവകൃപയിൽ ആശ്രയിക്കാം.

നീയാണെൻ സഖി.

കവിത

നിമിഷമേ! നീയാണെൻ സഖി, നീ,
നീ മാത്രമാണെൻ സഖി
പിരിയാനാവാത്ത ബന്ധമായ്
കൂട്ടിനായ് എന്നും നീ.

കാലങ്ങൾ വരുന്നുണ്ട്, പോകും വഴിപോക്കനായ്
കാലയവനികയ്ക്കുള്ളിൽ മറയുന്നു,
നാടകവേദിയിലാടിമറയുമ്പോൾ.

നാളയേ! നീ വരുമെന്ന്
എന്താണുറപ്പെന്നിൽ
വന്നെങ്കിലായ് നീ വന്നില്ലെങ്കിലുമായ്
എന്നാലീ നിമിഷം അതെനിക്കുറപ്പേകും.

സ്നേഹിതർ വന്നിടും സ്നേഹം തളിർത്തിടും
നികത്താൻ കഴിയാത്ത പരുക്കേകി മറഞ്ഞിടും
ദുഃഖത്തിൻ വേളയിലേകനെന്നോർത്താലും
നിമിഷമേ നീ വരും കൂട്ടിനായ് നീ മാത്രം

വേലകൾ നിവേറ്റാനെന്നോടു നീ ഓതീടും
നിന്നിൽ ഞാൻ ചെയ്തെങ്കിലതു ഫലമായ്
വിളങ്ങീടും
പിന്നെയാകാമെന്നു നിനച്ചെന്നാൽ
ഫലമോ ശൂന്യമായിടും.

ജീവിക്കാനെന്നെ }പഠിപ്പിച്ച നിമിഷമേ!
നിന്നിൽ ജീവിച്ചു മാധുര്യം നുകരട്ടെ
കരുതുവാനില്ലൊന്നും കരുതാനുമാളില്ല
നിമിഷമേ നീമാത്രം നീമാത്രമെൻ സഖി.

നിമിഷമായെന്നിൽ
നിറയുന്നൊരു സർവ്വേശ്വരാ
നിറയട്ടെന്നിൽ നിൻ സ്മൃതി
നിമിഷമേ! നിനക്കു സ്വാഗതം
ഒപ്പമാ സ്മൃതിയും പടരട്ടെ ദീപ്തമായ്.



Dealing with Doubt

Joys Babu

The importance of faith in the New Testament can never be understated. The whole law, prophets and psalms, i.e. the entire scriptures confirm and attest that "*Therefore, having been justified by faith, we have peace with God through our Lord Jesus Christ" (Romans 5:1)*. However a major hindrance to our faith in God is "*Doubt*", which is the antithesis of faith. As unwanted as it seems doubting is common therefore let us now try to understand the basic mechanism of "*Doubt*".

The English language identifies "Doubt" as one word but the Greek have classified "Doubt" into two types:

1. Diakrino and 2. Distazo

Diakrino:

Our inherent doubt is Diakrino. It means uncertainty or wavering on what to believe. A classic example of *Diakrino* would be like this. If you assure a cancer patient of prayers and say "God will surely heal you". His response "*really"* or the response of others hearing it like "*Are you sure God can heal him*?" or *Can God heal cancer*? All constitute *Diakrino*

Thus we can see that *Diakrino* is a the common form of doubt held by those who claim to be Christians or faithful , yet have not been fully exposed to the word or the power of God.

Let us consider some Biblical examples which show clearly how *Diakrino* operates.

1. When Jesus talks about faith, he tells his disciples their tiny faith is sufficient to overcome *Diakrino* "Jesus answered and said to them, "Assuredly, I say to you, if you have faith and do not doubt (*Diakrino*), you will not only do what was done to the fig tree, but also if you say to this mountain, 'Be removed and be cast into the sea,' it will be done." (Mathew 21:21)

2. Again when Jesus teaches his disciples to pray and receive in faith he says "For assuredly, I say to you, whoever says to this mountain, 'Be removed and be cast into the sea,' and does not doubt(*Diakrino*), in his heart, but believes that those things he says will be done, he will have whatever he says". (Mark 11:23)

3. In the book of acts we see the Holy Spirit leading Peter to move forward without (*Diakrino*), when He tells him to go to the gentile Cornelius house and preach the gospel "Arise therefore, go down and go with them, doubting (*Diakrino*), nothing; for I have sent them." (Acts 10:20)

Later Peter testifies about his experience among the gentiles and says like this "Then the Spirit told me to go with them, doubting (*Diakrino*), nothing. Moreover these six brethren accompanied me, and we entered the man's house (Acts 11:12)

4. In the letter to the Romans the Apostle Paul talks about Gods promise to Abraham showing how Abraham also overcame *Diakrino* as it is written "He did not waver at the promise of God through unbelief (*Diakrino*), but was strengthened in faith, giving glory to God. (Romans 4:20)

Thus we see that although *Diakrino*, operates alongside faith in every man's life it can be overcome when we trust in Gods strength and *Diakrino*, should not be the natural response of our weak human flesh to the great promises or power of the almighty God.



***Distazo* :**

The second kind of doubt known to torment man is actually a hit back at faith and the Greek word for it is *Distazo* meaning “Skepticism”. It is the intellectual reconsidering of whether to believe or not, and whether the declared faith in what one believes in, can or will occur. In short it is the lack of commitment to the self or to the choice made, an inner conflict within the self to believe or not to.

This kind of doubt comes in after we give up ones conviction or faith based on what we see or feel. *Distazo* is directly proportional to our capacity to accept situations realistically. As the outcomes of faith are a continuous process, the human mind's constantly analyzing gives ample opportunity to *Distazo* , and to question the faith.

Most people with *Distazo* are ones who know God, they know the scriptures, they know about salvation, heaven and hell yet they are not sure if they really believe in it.

Let us also examine *Distazo* biblically.

1. Our lord Jesus after he had fed a congregation of over 5000 men with 2 fish and 5 loaves sent his disciples away in a boat. Now after he had spent time alone in prayer, He decided to catch up with the disciples and headed towards their boat walking on the waters. Now when Peter saw this he said to Jesus “ If it is you let me also walk on the water and Jesus told him to come “. So now we see Peter walking on the water but the moment he sees the waves and the winds of the high seas a frightened Peter begins to doubt (*Distazo)* and sinks. Peter cries out to Jesus and our lord grabs hold of his hand and chides him saying “O you of little faith, why did you doubt (*Distazo)*?” (Mathew 14:31)

2. Again the second time we notice *Distazo* is when Jesus appears to his disciples after his resurrection “His disciples saw him and they worshipped him but some doubted (*Distazo*).” (Mathew 28:17)

Dear ones all of us are commonly subject to *Diakrino* and *Distazo* which are potent faith killers. Therefore to the unbeliever the Lord exhorts to overcome *Diakrino* and to the believer God says leave aside *Distazo* and to believe. As it is written *“Without faith it is impossible to please God. (Hebrews 11:6).* And with *Diakrino* and *Distazo* in our hearts we no longer are under faith. We are no longer justified and we are no longer at peace with God instead we have earned His displeasure. Now what worth is that life if it is one which displeases God?

OBITUARY



Prince M.A.

Correspondent,

MGM Senior Secondary School

Sector-6, Bhilai

May His Soul Rest in Peace

BRIDE WANTED

Alliances invited from families of god fearing & educated girls for a middle class family from Kottayam for their only son 32 yrs, 180cm, MBA, MCA & Dotnet Technology, born and brought up outside Kerala, currently working in MGM Group, Bhilai (Chattisgarh). Interested may contact.

CONTACT : +91-9471163469



Coronavirus:
Inquiring the nonentity of The Supreme Deity

By Alan George

COVID-19, a serious recrudescence which has created an anomalous situation around the world. Homo Sapiens as a whole is always familiar to these kinds dreadful outbursts of diseases. Nevertheless, this is one of the biggest viral outbursts ever happened in our lifetime. Even modern technologies are having their greatest test or the war with the virus we call 'The Coronavirus'.

But my question to all the readers who are reading this, is that, if God created everything which is present in this world for the betterment of human mankind and with a purpose to all things then, why are there disease causing bacteria and viruses in this world? If asking it more clearly, why would have God created a substance which has no DNA or RNA which are commonly found in all living organisms. But when it gets into an any living organisms then it uses their DNA or RNA to make more copies of its own kind and spread to whole body of organism.

Why would God create something which is making us suffer? Where is God when it hurts? A Question or an inquiry which we make that where is The Supreme Deity, The creator, The Preserver or The destroyer in this critical situation. Where is God when His people are suffering in pain and agony? Why would He even do this to us? Our world is getting filled up with so much pain and suffering. So many conflicts are going on with doctors and the leaders of the society. While the virus is spreading in this whole world in a very fast pace. But we all know that this not how it supposed to be.

Is there is a God who is watching us always? Do He even care for what actually is happening to his own people? Do God doesn't even care for His creation? So many people are put under isolation just for having one cell of virus in their body which slowly grows inside them and kills them. Is God even there? Really?

In this critical moment, some people are saying that the world is filled with so many bad people and those people are not only doing more bad things but they are not even coming back by changing themselves by praying and repenting of their sins. And as result, these things are happening in the world. Is it? Some are saying that, the number of people who used to worship The deity by reciting prayers, chants and everything properly, performing all the rituals, doing charity, fasting and going to religious places are getting lesser and lesser as the time is passing. Do you really think a life threatening virus is spreading in this world because this thing? Even bigger quest is also going on amongst the people that people are not following a path which we need to follow which can only be attained by right livelihood, right understanding, right actions, right efforts to the society, having a right mind and concentrating only on good things.

But does this whole bunch of thing even matter to a person who is already affected by the virus? Does this even matter to a 3 year old child who is affected by the virus and got died because of it?

Some people even saying that God actually wants us to have choice between good and bad. And we all are always choosing the path of bad or what we can say is evil. So, basically what are we trying to say is that God himself is allowing the devil to perish in this world. So that you and I could always have a choice between Him and devil. Do you believe in that? I don't know about you all but I can't. So, the question remains the same. Why has God left us like this in

this Big War that we as a human being are having with this dreadful virus named as “Coronavirus”.
According to Hindu Mythology, How come the power of Shiva, The destroyer is dominating the powers of Brahma and Vishnu, who are the creator and preserver of this universe and who are meant to be having equal in their power and position.
Why has God forgotten about us in our problems?
This same question was asked by a man named Jesus when he was being hang on the cross. Jesus cried out with a loud voice and said, “My God, My God, why have you abandon me?” Aren't we also having the same question that My God, My God, why have you left us in this Big Massacre?
But right now, why this incident matter is that Jesus said that He is The Son of God. A position which is equal to The Father and The Holy Spirit. But Yet, He was suffering in the cross. And he was also crying with pain and agony that why God has left him in his pain. He is The Son of God. And yet he was suffering. But we are meant to be God's own people. Whether we are from any religion or from any race. But this thing even questions that aren't we God's own people? Isn't God just like friend for us?
Aristotle once said that, “Human could never be a friend with God as friends have things in common.” Friends can look at each other and say even you are a sinner. But, in Jesus, Son of God from His Divine nature incarnated as Human being and lived among us suffered all the pains just like us. But, He was condemned by His own people. So, Aristotle was right, human can never be a friend with God because they have some things in common. Because of which even we can look in the eyes of God and say, 'You too are sinner'.
But the only difference between us and Jesus is the Hope that Jesus had in His Father. His Hope in His Father saved Him and He got resurrected on the third day and lived at the right side of His Father. And all this happened only because of His Hope in His Father.
Our hope should never be like someone from the sky is speaking some words which makes us feel good and comforts us. Our hope should always be on The Word of God who has created this world only for us. That's the simple and the biggest difference between Jesus and we us a human being in this world. Our hope on The God that He knows our pain and tragedy of our life should always be there. He understands our sufferings. Even Jesus suffered a lot in His life on Earth. So, what's the answer, for where does God go, when we are in trouble?
God has given himself to us, something better than other thing that is, He has given Himself to us because The Resurrected Jesus tell us, that any suffering in this world doesn't have the final word.
But He does.

കുഞ്ഞൂഞ്ഞിന്റെ കുണ്ഡിതങ്ങൾ.

ഭാഗം .26

ബാബു. ജംഷഡ്പൂർ.

,,ഇന്നെന്താടാ ജെയിസാ, നിന്റെ താടിക്കൊരു കെട്ട്,,
ചോദ്യം കേട്ടപ്പോഴാണ് സന്ധ്യമയക്കത്തിന്റെ മറവിൽ കുരിശിങ്കലെ മിന്നിമറയുന്ന മെഴുകുതിരി വെളിച്ചത്തിൽ ജെയിസൺ പള്ളിനടയിൽ ഇരിക്കുന്ന എബിയെ കണ്ടത്.

ഹെ..... ഇത് മാസ്ക്കല്ലേ!!
ജെയിസന്റെ പ്രതികരണം.

മറ്റുള്ള നാട്ടുവിശ്വാസികളെപ്പോലെ ഇവരും കുരിശിൻ തൊട്ടിയിൽ മെഴുകുതിരി കത്തിച്ച് പ്രാർത്ഥിക്കാനെത്തിയവരാണ്. ,,കൊറോണ,,എന്ന സൂഷ്മാണു, യുവാക്കളുടെ സന്ധ്യാസംഗമത്തിനും മങ്ങലേല്പിച്ചിട്ടുണ്ടെങ്കിലും, വൈകുന്നേരങ്ങളിൽ കുറച്ചു യുവാക്കൾ ഈ കുരിശിൻമൂട്ടിൽ വന്ന് പ്രാർത്ഥിക്കാറുണ്ട്. അതിലുപരി അവരുടെ ഒരു സന്ധ്യാസംഗമസ്ഥലമാണ് കുരിശിൻമൂട്.

എടാ മാസ്ക്ക് വായും മൂക്കും സംരക്ഷിക്കുവാനുള്ള ആവരണമാണ്, അല്ലാതെ താടിക്ക് ഒരു താങ്ങു തുണിയല്ല!!

,,ഹോ....ഓ...എബി, നീ പകർച്ചവ്യാധിനിരോധന സമിതിയുടെ പ്രസിഡണ്ടാണെന്ന് തോന്നുമല്ലോ നിന്റെ കമന്റ് കേട്ടാൽ.....പക്ഷെ.... നീ എന്താ മാസ്ക്ക് എടുക്കാൻ മറന്നുപോയോ?

തന്റെ മുഖത്ത് എബി തപ്പിനോക്കി, മാസ്ക്ക് ഇല്ലാത്തതിന്റെ ഇളിഭ്യത മറച്ചുകൊണ്ട് തുടർന്നു; അതുകൊണ്ടല്ലേ ഈ ആഭരണമൊന്നും ഞാൻ ഉപയോഗിക്കാത്തത്.

ആഭരണമല്ല എബീ ,,ആവരണം,, ജെയിസൺ എബിയെ തിരുത്തി.

അതൊക്കെ പോകട്ടെ...... എന്നാ.... നീ അയച്ച application കളുടെ reply തന്നോ?

എബിയും ജെയ്സണും കോളജ് വിദ്യാഭ്യാസത്തിനു ശേഷം ജോലിക്കുവേണ്ടി അപേക്ഷകൾ അയച്ചുകൊണ്ടിരിക്കുകയാണ്. ,,കോവിഡ്,, തന്റെ ശക്തി മറ്റുള്ള മേഖലകളിൽ പ്രകടമാക്കിയതുപോലെ, ഈ യുവാക്കളുടെയും മോഹന സ്വപ്നങ്ങൾ പൂവണിയുന്നതിനെ തടയിടുകയാണ്.

എബി ഒരു സാധാരണ കർഷക കുടുംബത്തിൽ നിന്നും, ജെയിസൺ ഒരു ധനിക കുടുംബത്തിൽ നിന്നുമുള്ള യുവാക്കളാണ്. അടുത്ത വ്യക്തിബന്ധമുള്ള സഹപാഠികളാണ്. ജെയിസന്റെ പിതാവ് ചാക്കോസാർ മരിച്ചുപോയതിനാൽ അമ്മ അന്നാമ്മയാണ് കാര്യങ്ങൾ നടത്തിക്കൊണ്ടു പോകുന്നത്. എസ്റ്റേറ്റും മറ്റും നടത്തുവാൻ വിശ്വസ്തരായ നടത്തിപ്പുകാരുണ്ട്. എങ്കിലും ചാക്കോച്ചായന്റെ മരണത്തോടെ അന്നാമ്മച്ചി മാനസീകമായി തളർന്നുപോയി. ജെയിസണ് സ്വതന്ത്രമായ ഒരു ജോലി വേണം. അന്നാമ്മയുടെ ആഗ്രഹം, എസ്റ്റേറ്റും ഏലത്തോട്ടവും അതിന്റെ വിളവെടുപ്പും ജെയിസൺ നോക്കി നടത്തിയാൽ, ഒരു മകനായ ജെയിസന്റെ കൂടെ അമ്മയ്ക്ക് ശിഷ്ടകാലം സുഖമായി കഴിയാമല്ലോ എന്നാണ്.

,,നീ ദിവസം മുഴുവനും എന്നാടാ പരിപാടി? പുറത്തേക്കൊന്നും കാണുന്നില്ലല്ലോ.....

അല്ലേലെന്തിനാ പുറത്തേക്കിറങ്ങുന്നത്? വീടിന് വീട്, ആഹാരത്തിനാഹാരം, വീട്ടുജോലിക്ക് വകുപ്പു തിരിച്ച് ജോലിക്കാർ. എസ്റ്റേറ്റുകൾ നടത്തിക്കൊണ്ടു പോകുവാൻ ജോണിച്ചേട്ടൻ, നേരത്തിനു നേരത്തിന് ആഹാരം വിളമ്പിവച്ച് നോക്കിയിരിക്കുന്ന സ്നേഹനിധിയായ അമ്മ.....

നിറുത്ത്......നിറുത്ത്........
ജെയ്മോൻ ഇടയ്ക്കു കയറി എബിയെ തടഞ്ഞു.

ഹും........എനിക്കാണെങ്കിൽ സമയം കിട്ടുന്നില്ല. എബി തുടർന്നു...അപ്പന്റെ കൂടെ രാവിലെ പാടത്ത് പോയാൽ , ഞാറു നടീൽ, വെള്ളം കയറ്റൽ, വളമിടീൽ, കളപറിക്കൽ എന്നുവേണ്ട, കുറച്ചുമുമ്പെയാ ഞാൻ പാടത്തുനിന്ന് കയറിയത്. അപ്പൻ ഒറ്റയ്ക്ക് വെയിലുകൊള്ളുന്നതു കാണുമ്പോൾ പണിക്കാരുടെ കൂടെ ഞാനും ഇറങ്ങും. അപ്പനത് വലിയ സന്തോഷമാ, കേട്ടോ...

എന്താടാ നീയൊന്നും പറയാത്തത്. എങ്ങനെയാ നീ സമയം ചെലവഴിക്കുന്നത്? എബി, ജെയ്സനെ സംസാരിക്കാൻ പ്രേരിപ്പിച്ചു.

ഉറക്കം ....ഉറക്കംതന്നെ..........ഉറക്കം.
ജെയിസൺ തന്റെ ആത്മസുഹൃത്തിന്റെ മുമ്പിൽ മനസ്സു തുറക്കുകയാണ്. നിനക്കറിയാമല്ലൊ,,,ഞാൻ മുകളിലത്തെ മുറിയിലാണ് കിടക്കുന്നതെന്ന്. കുറച്ചുനേരം ഇരുന്ന് മൊബൈലിൽ മാന്തും. ഉറക്കം വരുമ്പോൾ കിടന്ന് ഉറങ്ങും. മുകളിലത്തെ മുറിയല്ലേ, നല്ല കാറ്റുണ്ട്. മൂടിപ്പുതച്ചുകിടന്നുറങ്ങാൻ നല്ല രസമാ.

ഇത്രയും നേരം നീ കിടന്നുറങ്ങുന്നത്, താഴെ പോയി നിന്നെ കാണാൻ കൊതിച്ചിരിക്കുന്ന അമ്മയോട് വർത്തമാനം പറഞ്ഞുകൂടെ? വീട്ടിലെ കാര്യങ്ങൾ ഒക്കെ നോക്കി നടത്തിയാലെന്താ നിനക്ക്. ആത്മസുഹൃത്തായ എബിയുടെ സ്നേഹമസൃണമായ ഉപദേശം .പരിഭവം.....

അമ്മയുടെ മുമ്പിൽ പെട്ടാൽ ഒരേഒരു പല്ലവി മാത്രമേ കേൾക്കാനുള്ളു. ,,എന്റെ മോനേ നീ ജോലിക്കൊന്നും പോകേണ്ടടാ. ഈ എസ്റ്റേറ്റിന്റെ കാര്യങ്ങൾ നോക്കിനടത്തിയാൽ പോരേ നിനക്ക്. നീ ജോലിക്കുപോയാൽ പപ്പായും കൂടെ ഇല്ലാത്ത ഈ വീട്ടിൽ ഞാൻ ഒറ്റയ്ക്കായിപ്പോകുമെടാ.

അതുശരിയല്ലെ അന്നമ്മയാന്റി പറയുന്നത്. സന്ദർഭോചിതമായി എബി ജെയ്സന്റെ ചിന്തകളെ നേർവഴിയിലാക്കൻ ശ്രമിക്കുന്നതിനിടയിൽ ...

ഓ.. നീയും തുടങ്ങിയോ ഉപദേശം...ഈ ഒരു കാരണംകൊണ്ടാണ് ഞാൻ അമ്മവിളിച്ചാലും താഴേക്ക് ഇറങ്ങാത്തത്. അമ്മയ്ക്ക് മുട്ടിന് വേദനയായതിനാൽ മുകളിലേക്ക് വരികയും ഇല്ല. ഇന്നു രാവിലെ കാപ്പി കുടിക്കാൻ വിളിച്ച് വിളിച്ച് അമ്മ മടുത്തു. ഞാൻ ഉറങ്ങുകയായിരുന്നു. അമ്മ അവസാനം കരഞ്ഞുകൊണ്ട് ഈശോയുടെ മുമ്പിൽ പ്രാർത്ഥിക്കുകയായിരുന്നു. പെട്ടെന്നാണ് വലിയ

ഒച്ചകേട്ട് വേലക്കരെല്ലാം എന്റെ മുറിയിലെത്തി. ഞാനും എഴുന്നേറ്റ് നോക്കിയപ്പോൾ എന്റെ മുറിയിലെ സീലിംഗ്ഫാൻ ദെ...തഴെ വീണുകിടക്കുന്നു. വേലക്കാർ തമ്മിൽ നോക്കി കുശുകുശുക്കുന്നതുകേട്ടു. അന്നാമ്മച്ചിയുടെ പ്രാർത്ഥനയുടെ ശക്തിയാണ്. ഞാൻ പെട്ടെന്ന് brush ചെയ്ത് അമ്മയുടെ കൂടെ പോയിരുന്ന് break fast കഴിച്ചു. അമ്മയ്ക്ക് ഒത്തിരി സന്തോഷമായി.

എടാ ജെയിസാ, ഇതാ നീ എന്നും ചെയ്യേണ്ടത്. ആ എസ്റ്റേറ്റിന്റെ കാര്യമൊക്കെ നോക്കി ജീവിച്ചാൽ പോരേ.....അമ്മയ്ക്കും സന്തോഷമാകുമല്ലോ.

എസ്റ്റേറ്റിന്റെ കാര്യമൊക്കെ നോക്കുന്നതും തീരുമാനിക്കുന്നതും ജോണി അങ്കിളാണ്. എനിക്ക് അവിടെ ഒരു സ്ഥാനവുമില്ല. ഞാൻ വെറും കാഴ്ചക്കാരൻ. ഞാൻ പറയുന്നത് ആരും കേൾക്കുകയുമില്ല. അതുകൊണ്ടാണ് ഞാൻ സ്വതന്ത്രമായൊരു ജോലിക്കുവേണ്ടി ശ്രമിക്കുന്നത്.

ആഹാ! കുഞ്ഞൂഞ്ഞുചേട്ടാ, പള്ളിയിൽ നിന്ന് വരികയാണൊ? കുഞ്ഞൂഞ്ഞ് ഒരു സഞ്ചിയിൽ കുറച്ചു സാധനങ്ങളുമായി പള്ളിയിൽ നിന്ന് വീട്ടിലേക്ക് പോകുന്നവഴിയാണ്. കപ്യാർ കുഞ്ഞൂഞ്ഞ് ആ നാട്ടിലെ യുവാക്കളുടെ ഇടയിൽ പോപ്പുലർ ആണ്. മദ്ധ്യവയസ്ക്കനെങ്കിലും അറിവുള്ളവനും പ്രായോഗീകതലത്തിൽ ചിന്തിക്കുന്നവനുമാകയാൽ നാട്ടുകാർ ബഹുമാനിക്കുന്ന ആളുമാണ്.

എന്തായാലും കുഞ്ഞൂഞ്ഞുചേട്ടനെ കണ്ടത് നന്നായി, ഈ ജെയിസനേം കൊണ്ടങ്ങോട്ട് വരുവാനിരിക്കുകയായിരുന്നു. ഇവന്റെ പണി 24X7 ഉറക്കമാണ്. ഇവൻ ഒരു ജോലിക്കുവേണ്ടി പല വാതിലുകളും മുട്ടി. പ്രയോജനമൊന്നും ഇതുവരെയും ഉണ്ടായില്ല. ഇവനെ ഒന്ന് ഉപദേശിച്ച് നന്നാക്കിത്തരണമല്ലൊ.

എബിക്ക് ജെയിസന്റെമേലുള്ള സ്വാതന്ത്ര്യം മേൽപ്പറഞ്ഞ ശുപാർശയിൽ വളരെ വ്യക്തമായി ധ്വനിക്കുന്നുണ്ടായിരുന്നു.

കുഞ്ഞൂഞ്ഞ് പറഞ്ഞു,, ഈ കൊറോണ സമയത്ത് ഈ കവലയ്ക്കൽ നിന്ന് സംസാരിക്കാൻ പോലീസ് അനുവദിക്കുകയില്ല............ബാ ....നമുക്ക് എന്റെ വീട്ടിൽ പേയിരുന്ന് സംസാരിക്കാം.

ഗേറ്റിനു സമീപത്തുവച്ചുതന്നെ സന്ധ്യാകീർത്തനം മധുരമായ ഒരു സ്ത്രീ ശബ്ദത്തിൽ കേൾക്കാമായിരുന്നു. എബിയും ജെയിസണും പരസ്പരം നോക്കി നിശ്ശബ്ദരായി.

കുഞ്ഞൂഞ്ഞിന്റെ സ്വീകരണമുറിയുടെ വാതിൽക്കൽ കാൽപെരുമാറ്റം കേട്ടയുടനെ മേരിക്കുട്ടി തലയിൽനിന്ന് തോർത്ത് തോളിലേക്കിട്ട് എഴുന്നേറ്റ് പുൽപ്പായും ചുരുട്ടി,
ആഹാ;;.........ഇതാരെല്ലാമാ.....ഈ വരുന്നത്,
ജെയ്മോനും എബിയും ; ബാ...ബാ......ഇരിക്ക്....
ആന്റിയുടെ പാട്ടുകേൾക്കാൻ എന്തു രസമാണ് ഇല്ലെ
എബീ...ജെയിസന്റെ അഭിനന്ദനം.
വളരെ അടുക്കും ചിട്ടയുമുള്ള സ്വീകരണമുറി.
മറ്റുവീടുകളിൽ മലയാളം T V സീരിയലുകൾ അരങ്ങുതകർക്കുന്ന ഈ സമയത്ത് വീട്ടിൽ ആരുവന്നാലും ശ്രദ്ധിക്കാതെ റ്റി വി യുടെ മുമ്പിലിരുന്ന് കരഞ്ഞ കണ്ണുകളോടെ ഇരിക്കുന്ന പെണ്ണുങ്ങൾക്ക് ഒരപവാദമായി ചിരിച്ച് വർത്തമാനം പറഞ്ഞ് മേരിക്കുട്ടി തങ്ങളെ സ്വീകരിക്കുന്നതു കണ്ടപ്പോൾ ഈ രണ്ടുയുവാക്കളും അത്ഭുതപ്പെട്ടുപോയി.

കുഞ്ഞൂഞ്ഞ് ആമുഖമെന്നപോലെ എബിയോടു ചോദിച്ചു ,, നിങ്ങളുടെ ഞാറു നടീലെല്ലാം കഴിഞ്ഞൊ?
...........ഇന്നങ്ങോട്ട് കഴിഞ്ഞതേയുള്ളു ചേട്ടാ, കണ്ടത്തിൽ വെള്ളം കയറ്റി നിർത്തിയിരിക്കുകയാ, നാളെ അഴിച്ചുവിട്ട് വളമിടണം.

... ജെയ്മോനേ.... അമ്മ എങ്ങനെയിരിക്കുന്നു? എങ്ങനെ പോകുന്നു കാര്യങ്ങൾ? കുഞ്ഞൂഞ്ഞ് ജെയ്സനെയും entertain ചെയ്യുവൻ ശ്രമിക്കുകയായിരുന്നു.
എല്ലാം നന്നായി പോകുന്നു, അമ്മയ്ക്ക് മുട്ടുവേദന കാരണം നടക്കാൻ ബുദ്ധിമുട്ടുണ്ട്. ജോണിഅങ്കിളാണ് കാര്യങ്ങളെല്ലാം നടത്തുന്നത്.
മോന്....... എസ്റ്റേറ്റിലെ ....കാര്യങ്ങൾ .....നോക്കാൻ.... ബുദ്ധിമുട്ടുണ്ടൊ
ഇല്ല............. എല്ലാക്കാര്യങ്ങളും ജോണിഅങ്കിളാണ് നടത്തുന്നത്.
ഉം.......എസ്റ്റേറ്റ്....... സമയാസമയങ്ങളിൽ ആ അമ്മ വിളിക്കുമ്പോൾ താഴെ വന്ന് ആഹാരം കഴിച്ചാൽ മതിയായിരുന്നു..........എബി ഇടയ്ക്കുകയറി വിഷയം അവതരിപ്പിക്കാൻ ശ്രമിക്കുകയാണ്. മുഴുവൻ സമയവും ഇവൻ ഉറക്കമാണ്. സമയത്ത് ഇവൻ ആഹാരം കഴിക്കാത്തതിനാൽ ആ ആന്റി പട്ടിണിയാണ് എന്നാണ് കേൾക്കുന്നത്.

നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ട് ജെയിസ്സനാണ് സംസാരിച്ചത്. കുഞ്ഞൂഞ്ഞുചേട്ടാ! ഞാൻ സ്വതന്ത്രമായൊരു ജോലി ചെയ്യാനാണ് ആഗ്രഹിക്കുന്നത്.
ജെയ്മോനേ! എസ്റ്റേറ്റ് നടത്തുന്നത് വലിയോരു ജോലിയാണ്. കുഞ്ഞൂഞ്ഞ് പറഞ്ഞു.
പക്ഷെ എന്നെക്കൊണ്ട് ആ ജോണിയങ്കിൾ ചെയ്യിക്കുകയില്ല, എല്ലാം കണ്ടുപഠിക്കാനാണ് ജോണിയങ്കിൾ പറയുന്നത്. തൊഴിലാളികളുടെ ശമ്പളം ഈയിടെ കൂട്ടിക്കൊടുക്കേണ്ട എന്ന് ഞാൻ പറഞ്ഞിട്ട് അങ്കിൾ സമ്മതിച്ചില്ല. വീട്ടിൽ വന്നപ്പോൾ അമ്മയുടെ കൈയ്യിൽനിന്ന് വഴക്കും കിട്ടി.........പിന്നെയും നിശ്ശബ്ദത.

കുഞ്ഞൂഞ്ഞ് മനസിൽ പ്രാർത്ഥിച്ചു. ഈ new generation M B Aക്കാരനെ എങ്ങനെയാണ് പറഞ്ഞ് മനസ്സിലാക്കേണ്ടത് എന്ന് എനിക്ക് മനസ്സിലാക്കിത്തരണമേ ദൈവമേ,,
കുഞ്ഞൂഞ്ഞ് തുടർന്നു, നിങ്ങളുടെ കുടുംബവുമായി എനിക്ക് അടുത്ത ബന്ധമുണ്ട്. മോന്റെ അപ്പൻ ചാക്കോച്ചായൻ എന്റെ മൂത്ത

സഹോദരനെപ്പോലെയായിരുന്നു. ആ സ്നേഹബന്ധം നിലനിർത്തി ഞാൻ മോനോട് കുറച്ചു കാര്യങ്ങൾ പറഞ്ഞുതരാം ശ്രദ്ധിച്ചു കേൾക്കണം.

ജെയ്സൺ ....അനുസരണയോടെ തലകുലുക്കി. കുഞ്ഞൂഞ്ഞ് തുടർന്നു, നമുക്കുള്ള സൗഭാഗ്യങ്ങളെല്ലാം ദൈവം ചിലരിൽക്കൂടിയാണ് നമുക്ക് തരുന്നത്. നമുക്ക് സമയാസമയങ്ങളിൽ ആഹാരം dinning table ൽ വരുന്നതിന്റെ പിന്നിൽ പലരുടെയും കഠിനാദ്ധ്വാനമുണ്ട്. അത് നാം ദൈവം തരുന്ന ബദ്ധിയുപയോഗിച്ച് മനസ്സിലാക്കി appreciate ചെയ്യണം. ....ജെയ്സന്റെ മുഖഭാവം ശ്രദ്ധിച്ച് അനുകൂലമെന്ന് കണ്ടുകൊണ്ട് കുഞ്ഞൂഞ്ഞ് തുടർന്നു. ആ അദ്ധ്വാനത്തെ നമ്മൾ നന്ദിയോടെ സ്മരിക്കണം. നന്ദി പറയുകയും ചെയ്യണം.അതോടൊപ്പം ദൈവത്തെ മഹത്വപ്പെടുത്തണം. ഈ കൊറോണ സമയത്ത് ജോലി നഷ്ടപ്പെട്ടിട്ട് എത്രയോ കുടുംബങ്ങളിലാണ് ആഹാരം ഇല്ലാതെ വിഷമിക്കുന്നത്. സ്നേഹത്തോടെ ഉണ്ടാക്കിവച്ച, മകനിഷ്ടമുള്ള വിഭവങ്ങൾ മകൻ കഴിച്ചില്ലെങ്കിൽ പെറ്റമ്മയ്ക്ക് കഴിക്കുവാൻ സാധിക്കുകയില്ല. അപ്പോൾ എല്ലാം ഉണ്ടാക്കിവച്ചിട്ടും വിശന്നിരിക്കുന്ന ഒരു സ്ഥിതിയാണ് ഇപ്പോൾ നിങ്ങളുടെ വീട്ടിൽ നിലവിലുള്ളത്. ഇത്രയും കഷ്ടപ്പെട്ട് സമ്പാദിച്ച ചാക്കോച്ചായനും മുകളിലിരുന്ന് ഇതെല്ലാം കണ്ട് മൗനമായി കരയുന്നുണ്ടാവണം. മോൻ കഴിക്കാത്തുകൊണ്ട് രോഗിണിയായ അമ്മയ്ക്കും കഴിക്കാൻ പറ്റുന്നില്ല.

പിന്നെ, എസ്റ്റേറ്റിന്റെ കാര്യം, നിങ്ങളുടെ എസ്റ്റേറ്റിൽ മാത്രമാണ് ഒരു തൊഴിലാളി സമരം ഉണ്ടാകാത്തത്. ജോണിച്ചായൻ ഒരു taskmaster ആണ് അതോടൊപ്പം ഔദ്യോഗീക വിദ്യാഭ്യാസം ഒന്നും കിട്ടാത്ത ഒരു നല്ല business manager കൂടിയാണ്. നിങ്ങൾ കോളജിലെ ക്ലാസിലിരുന്ന് പഠിച്ച business managementന്റെ ശരിയായ practical പഠനമായിരിക്കും ജോണിച്ചായന്റെ കൂടെ ജെയ്മോൻ നിന്ന് }പഠിച്ചാൽ കിട്ടുന്ന പാഠം. ഡാഡിയുടെ അഭാവത്തിൽ ദൈവം ജെയ്മോന് നൽകിയിരിക്കുന്ന ഒരു സുർണ്ണാവസരമാണിത്. കൈവിട്ടുകളയാതെ മനസ്സിലാക്കിയെടുക്കുക എന്നതാണ് ബുദ്ധി.

കടമകൾ അറിയാതെ, ഉത്തരവാദിത്വം അറിയാതെ സ്ഥാനമാനങ്ങൾ ആഗ്രഹിക്കുന്നതു ബുദ്ധിയല്ല. അതുപോലെ നമ്മുടെ പ്രയാസഘട്ടങ്ങളിൽ ദൈവം നൽകുന്ന അവസരങ്ങൾ തിരിച്ചറിഞ്ഞ് ദൈവത്തെ സ്തുതിച്ച് ജീവിക്കുന്നതാണ് ജീവിത വിശുദ്ധിയിലേക്കുള്ള ചവിട്ടു പടികൾ.

ശരിയാണ് കുഞ്ഞൂഞ്ഞുചേട്ടാ എനിക്ക് കാര്യങ്ങൾ മനസ്സിലക്കുന്നതിൽ തെറ്റുപറ്റി. ഞാൻ ഇനിയും എന്താണ് ചെയ്യേണ്ടത്? ജെയ്സൺ പൂർണ്ണമായും കുഞ്ഞൂഞ്ഞിന്റെ ആശയങ്ങൾ സ്വീകരിച്ച് ഒരു കീഴടങ്ങലിന് തയ്യാറായി എന്നുകണ്ട് ഏറ്റവും സന്തോഷിച്ചത് തന്റെ ആത്മമിത്രമായ എബിയായിരുന്നു. കുഞ്ഞൂഞ്ഞ് തുടർന്നു. എല്ലാത്തിനും ദൈവത്തിന്റെ അനുഗ്രഹം ആവശ്യമാണ്. നാം ദൈവത്തെ അറിയാതെ ദുഃഖിതരായിരിക്കുമ്പോൾ നമ്മുടെ പടിവാതിൽക്കൽ കിടക്കുന്ന പാപം നമ്മെ കീഴ്പെടുത്തും.

വലിയ നോമ്പ് അടുത്ത ആഴ്ച തുടങ്ങുകയാണ് എന്ന് ജെയ്മോന് അറിയാമല്ലൊ, ആയതിനാൽ നമ്മെത്തന്നെ ദൈവത്തിന് സമർപിച്ച്, ദൈവമേ! ഞാൻ നടക്കേണ്ടുന്ന വഴി എന്നെ കാണിച്ചുതരണമേ എന്ന് പ്രാർത്ഥിക്കണം. നാം അറിഞ്ഞും അറിയാതെയും ചെയ്തുപോയ പാപങ്ങളെയോർത്ത് അനുതപിച്ച് ,ദൈവം തന്ന നൽവരങ്ങളെ മനസിലാക്കാതെ ദൈവത്തിന് നന്ദി അർപ്പിക്കാത്ത നാളുകളെ ഏറ്റുപറഞ്ഞ് നോമ്പിൽ പുതുക്കം പ്രാപിച്ച് ഒരു പുതിയ തുടക്കത്തിനായി തീരുമാനമെടുക്കണം.

അമ്മയോട് സ്നേഹമായി പെരുമാറുമ്പോൾ അമ്മയുടെ അസുഖമെല്ലാം മാറും.

ഒരു നല്ല തുടക്കത്തിനായി ഞാൻ പ്രത്യേകം പ്രാർത്ഥിക്കുന്നു.

എബിയുടെയും ജെയ്സന്റെയും കണ്ണുകൾ നിറഞ്ഞു. കുഞ്ഞൂഞ്ഞുചേട്ടന് നന്ദി പറഞ്ഞ് രണ്ടുപേരും യാത്രയായി.

Prayer to St. Jude

St. Jude, glorious Apostle, faithful servant and friend of Jesus, the name of the traitor has caused you to be forgotten by many, but the true Church invokes you universally as the Patron of things despaired of; pray for me, who am so miserable; pray for me, that finally I may receive the consolations and the succor of Heaven in all my necessities, tribulations and sufferings, particularly (here make your request), and that I may bless God with the Elect throughout Eternity. Amen.

ഒരു വിശ്വാസി., ഭിലായ്

അനുശോചനം

Rev. Fr. Jacob Scaria

15.01.1949 - 05.01.2021

അനശ്വരതയിലേക്ക് കടന്നുപോയ വന്ദ്യ ജേക്കബ് സ്ക്കറിയ അച്ചന്റെ നിര്യാണത്തിൽ കൽക്കട്ടാ ഭദ്രാസനത്തിന്റെയും സെന്റ് തോമസ് മിഷന്റെയും അനുശോചനം അറിയിക്കുന്നു.

മരണമൊരടഞ്ഞ അദ്ധ്യായമല്ല അനശ്വരതയിലേക്കുള്ള വാതായനമാണ്.
സംസാരലോകവാസം കർത്തൃ സമക്ഷം സമർപ്പിച്ച് ആത്മലോകകവാടം മലർക്കെ തുറന്ന് അരൂപിയിലഭയം പ്രാപിച്ച വന്ദ്യ ജേക്കബ് സ്ക്കറിയ അച്ചൻ വിശ്വസ്തനും നീതിമാനുമായി കർത്തൃ ശുശ്രൂഷയിൽ ലേശമലംഭാവമില്ലാതെ ലളിതജീവിതം നയിച്ച പുരോഹിത ശ്രേഷ്ഠൻ.
സ്വാനുഭവ വെളിച്ചത്തിലും,
യുക്തിയ്ക്കുമനുസൃതമായും ജീവിതത്തെ അർത്ഥവത്തെന്നും, നിരർത്ഥകമെന്നും നിർവ്വചിക്കാം:
അങ്ങനെ അർത്ഥവത്തായ ശുശ്രൂഷാജീവിതം മനുഷ്യപ്രീതിക്കുപരിയായി കർത്തൃ പ്രീതിക്കായി നീക്കിവച്ചിഹലോകവാസം അവസാനിപ്പിച്ച് ചൊവ്വുള്ളൊരു മാർഗ്ഗദർശിയും ചിതലരിക്കാത്ത വിരളമായൊരു ചൂണ്ടുപലകയായും നമുക്കുമുമ്പിൽ ഇന്ന് സംസാരസാഗരം നീന്തിക്കടന്നിരിക്കുന്നു.
മരണമെന്നത് ഒരടഞ്ഞ അദ്ധ്യായമല്ലെന്നും അനശ്വരതയിലേക്കുള്ള പുതിയൊരു വാതായനവുമാണെന്നല്ലൊ

ക്രിസ്തു മാർഗ്ഗികൾക്ക് ഈശ്വരൻ ഓതിത്തന്ന മഹത്വചനം. മറ്റുള്ളവർക്ക് എഴുതാൻ പാകമായി ജീവിക്കുക, അല്ലെങ്കിൽ അപരന് വായിക്കാൻ കൊള്ളുന്നത് എഴുതുക ഇതുരണ്ടും സമജ്ജസമായി സമ്മേളിക്കുന്ന അപൂർവ്വം പുണ്യ ജന്മങ്ങൾ ലോകത്തിൽ അപൂർവ്വ താരകങ്ങളെപ്പോലെ വഴികാട്ടികളാകാറുണ്ട്.
ഇതു രണ്ടുമാകാനാകാത്ത വ്യസനത്തിലാണ് ഈ വരികൾ കുറിക്കുമ്പോൾ. ഈശ കടക്ഷമേകണേ എന്നൊരു നുറുങ്ങിയ പ്രാർത്ഥന കൂടയും ഞാൻ ചേർത്തു വയ്ക്കട്ടെ.
മരണവാതിലുകൾക്കപ്പുറമുള്ള തേജസ്ക്കരണ ലോകം വന്ദ്യ ആചാര്യന് മഹത്വനാളലേകണേ ദൈവമേ എന്ന ഹൃദയംഗമായ പ്രാർത്ഥനയോടെ വാക്കുകൾ അപ്രസക്തമാക്കുന്ന ഈ വേളയിൽ .....മരണം,, എന്ന ഈ കവിത ഞാൻ കുറിക്കട്ടെ.

രാവേറെ വൈകി ഞാനുറങ്ങി
പുലർകാല സ്വപ്നത്തിൽ
മരണം...
ഒരടഞ്ഞ അദ്ധ്യായമല്ലെന്നും
നശ്വരതയിലേക്കുള്ള
തുറന്നിട്ട വാതിലാണെന്നും
ഒരരൂപിയെന്നെ ഓർമ്മിപ്പിച്ചു

മനനത്തിന്റെ അഗാധതയിൽ
മനസ്സ് മന്ത്രിച്ചു
മരണമൊരു വിത്താണ്
അനന്ത സാദ്ധ്യതകൾ
നിറഞ്ഞ വിത്ത്

അനുഭവ സമ്പത്തുള്ള
ജീവിതമൂല്യങ്ങളുടെ
അമൂർത്തമായ
ഊർജ്ജമുൾക്കൊള്ളുന്ന
വിത്ത്

ഓരോവിത്തും
ഭാവി വാഗ്ദാനമാണ്
പ്രതീക്ഷയാണ്
പുതു ജീവന്റെ കലവറയാണ്
അത് എന്നോടു മന്ത്രിച്ചു
മഴയും വെളിച്ചവും
(പ്രാർത്ഥനയും ..മദ്ധ്യസ്ഥതയും)
എനിക്കായി ഒരുക്കൂ
നിന്റെ മനം പാകമാക്കിയ മണ്ണാക്കൂ
മഹത്തായ ജീവിതം
മഹത്തായ മരണം
പരസ്പര പൂരകങ്ങളാണ്

മഹത്തായ ഓരോ മരണവും
തലമുറകൾക്കൊരു വാഗ്ദാനമാണ്
ഒരു മശിഹയാണ്
ബുദ്ധനാണ്
നബിയാണ് പ്രതീക്ഷയാണ്
വിരസതയില്ലാത്ത കാത്തിരിപ്പാണ്..
അല്ലയൊ ആചാര്യ ശ്രേഷ്ഠാ! പ്രാർത്ഥനയാം പാഥേയവുമായി സമാധാനത്താലേ പോക.
ശ്രേഷ്ഠ ഇടയനായ മാർ ദിവന്നാസ്യോസിനോടൊത്ത് സഹ വൈദീക സംഘം.

ചെങ്ങന്നൂർ സെന്റ ഇഗ്നാത്തിയോസ് കത്തീഡ്രൽ ഇടവകാംഗവും, കൽക്കട്ട ഭദ്രാസന മുൻ വൈദീകസംഘം സെക്രട്ടറിയും, സഭാ മാനേജിംഗ് കമ്മിറ്റി മെമ്പറും ആയിരുന്ന ഞങ്ങളുടെ ജേഷ്ഠ സഹോദരൻ വന്ദ്യ ജേക്കബ് സ്ക്കറിയ കശ്ശീശാ, ജനുവരിമാസം 5-ാം തീയതി ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. സ്ഥാനപേരുകൾക്കപ്പുറം വളരാത്തവരെല്ലാം സ്ഥാനം ഒഴിയുമ്പോൾ അപ്രസക്തരാകുന്ന ഈ കാലഘട്ടത്തിൽ വ്യക്തിത്വ വൈശിഷ്ഠ്യത്തിന്റെയും പ്രവർത്തന മികവിന്റെയും മായാത്ത മുദ്രകൾ പതിപ്പിച്ച് സമാനതകളില്ലാത്ത അജപാലന ശുശ്രൂഷ നിർവ്വഹിച്ച വ്യക്തിത്വം. രണ്ട് ദശാബ്ദക്കാലം കനൽവഴികൾ നിറഞ്ഞ അജപാലന ശുശ്രൂഷ വിശ്വസ്തതയോടും സാക്ഷ്യത്തോടും നിറഞ്ഞ ആത്മസംതൃപ്തിയോടും നിർവ്വഹിച്ചു. വൈദീകരുടെ ക്ഷേമകാര്യങ്ങൾക്ക്, ഇടവക വളർച്ചയ്ക്ക്, സഭയുടെ സാക്ഷ്യത്തെ പറ്റി വ്യക്തമായ ധാരണകൾ ഉണ്ടായിരുന്നു. നിറഞ്ഞ പുഞ്ചിരിയോടും ഒരിക്കൽ പരിചയപ്പെടുന്ന വ്യക്തിത്വങ്ങളുടെ പേരുകൾ ഓർമ്മവച്ച് പിന്നീട് സ്നേഹം പുതുക്കുമ്പോൾ ഇടയൻ തന്റെ ആടുകളെ പേരുചൊല്ലി വിളിക്കുന്നു എന്ന വാക്യത്തെ അന്വർത്ഥമാക്കി അവരുടെ പേർ ചൊല്ലി വിളിച്ച് സ്നേഹബന്ധം വർദ്ധിപ്പിച്ചിരുന്നു. സഹായ മനോഭാവവും തികഞ്ഞ മനുഷ്യസ്നേഹിയും സ്ഥാനമാനങ്ങൾക്ക് പിറകെ ഓടാതെ തനിക്ക് അർഹമായത് മാത്രം മതി എന്ന മനോഭാവത്തോടെ ജീവിച്ച വ്യക്തിത്വം.

1978-ൽ ഖരക്പൂരിൽ സ്ഥിര താമസമാക്കി. ഭുവനേശ്വർ, കട്ടക്ക്, ജംഷഡ്പൂർ, ദുർഗ്ഗാപ്പൂർ, പാരാദ്വീപ്, ധൻബാദ്, സിന്ദ്രി എന്നീ ഇടവകകൾക്കും നിരവധി കോൺഗ്രിഗേഷൻ കൾക്കും ആരംഭവും നേതൃത്വവും നൽകി. അനേകരെ ഓർത്തഡോക്സ് എന്ന സത്യവിശ്വാസ പാറയിൽ ഉറപ്പിച്ചു. കൂടാതെ പട്ന മാർ ഗ്രീഗോറിയോസ്, കർക്കട്ട സെന്റ് തോമസ് കത്തീഡ്രൽ, സലാല സെന്റ് സ്റ്റീഫൻസ്, സാർണി സെന്റ് തോമസ്, ഭോപ്പാൽ സെന്റ് തോമസ് കത്തീഡ്രൽ, ഭണ്ഡാര സെന്റ് മേരീസ്, ഹത്തിത്താൾ മാർ ഗ്രീഗോറിയോസ് എന്നീ ഇടവകകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു.
ഫാൻസ് അസോസിയേഷനുകളൊ, തന്നിലേക്ക് ആളുകളെ അടുപ്പിക്കാൻ തരത്തിലുള്ള പ്രവർത്തനങ്ങളൊ ഇല്ലാതെ, നിങ്ങൾ ഭൂമിയുടെ ഉപ്പും വെളിച്ചവും ആകുന്നുവെന്ന സാക്ഷ്യത്തോടെ അജപാലന ശുശ്രൂഷ നിർവ്വഹിച്ചു എന്നതാണ് നമ്മുടെ ജ്യേഷ്ഠ സഹോദരനെ വ്യത്യസ്തനാക്കുന്നത്.

ശവസംസ്ക്കാര ശുശ്രൂഷയിൽ ഇടതടവില്ലാതെ തങ്ങളുടെ ആചാര്യശ്രേഷ്ഠനെ ഒന്നു കാണുവാൻ തക്കവണ്ണം ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്ന് ഒഴുകിയെത്തിയ വിശ്വാസി സമൂഹം കണ്ണീരിൽ കുതിർന്ന ആദരാഞ്ജലികൾ അർപ്പിച്ചു.

ബാഹ്യകേരള ഭദ്രാസനത്തിലെ വൈദീകർ റിട്ടയർമെന്റിനുശേഷം കേരളത്തിലെത്തുമ്പോൾ അവരുടെ ആത്മീയ-ഭൗതീക കാര്യങ്ങൾ നിറപടിയായി നടത്തിക്കൊടുക്കുവാൻമാത്രം ഭദ്രാസനങ്ങൾ സ്തുത്യർഹമായി പ്രവർത്തിച്ചിട്ടുണ്ട്.

കോവിഡ് പ്രതിസന്ധിയുടെ ഈ കാലഘട്ടത്തിൽ വളരെ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നിട്ടും ശവ സംസ്ക്കാര ശുശ്രൂഷകൾ അനുഗ്രഹമായി നിർവ്വഹിക്കാൻ തക്കവണ്ണം അദ്ധ്വാനിക്കുകയും പരിശ്രമിക്കുകയും ചെയ്ത ചെങ്ങന്നൂർ ഭദ്രാസന സഹായ മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ,മാത്യൂസ് മാർ തിമോത്തിയോസ് തിരുമേനി, ഭദ്രാസനം സെക്രട്ടറി, ഭദ്രാസന വൈദീകസംഘം സെക്രട്ടറി റവ.ഫാ.ജേക്കബ് ചെറിയാൻ, ഇടവക വികാരി റവ.ഫാ. ഐപ്പ് സാം, ഭദ്രാസനത്തിലെ എല്ലാ വൈദീക ശ്രേഷ്ഠരോടുമുള്ള നന്ദിയും സ്നേഹവും കടപ്പാടും, പ്രാർത്ഥനകളും അറിയിക്കുന്നു.

ശവസംസ്-ക്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയ കൽക്കട്ട ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ജോസഫ് മാർ ദിവന്നാസ്യോസ്, നിരണം ഭദ്രാസന മെത്രാപ്പോലത്ത അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ചെങ്ങന്നൂർ ഭദ്രാസന മെത്രാപ്പോലത്ത അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തീമോത്തിയോസ്, മാവേലിക്കര ഭദ്രാസന മെത്രാപ്പോലിത്ത അഭിവന്ദ്യ അലക്സീയോസ് മാർ യൗസേബിയോസ്, വൈദീക ട്രസ്റ്റി റവ. ഡോ. എം.ഒ.ജോൺ, വൈദീക സംഘം ജനറൽ സെക്രട്ടറി റവ. ഫാ. ഡോ. സജി അമയിൽ, അനുശോചനം അറിയിച്ച മതസാമൂഹിക സാംസ്ക്കാരീക മേഘലകളിലെ പ്രഗല്ഭരായ വ്യക്തിത്വങ്ങൾ, ശുശ്രൂഷയിൽ പങ്കുചേർന്ന ഭദ്രാസനത്തിലെ എല്ലാ വൈദീകർ, അൽമായ നേതൃത്വം എന്നിവരോടുള്ള നന്ദിയും സ്നേഹവും ഭദ്രാസന വൈദീക സംഘത്തിന്റെ പേരിൽ അറിയിക്കുന്നു. ■

13th Memorial Feast of Archbishop Stephanos Mar Theodosius of Blessed Memory celebrated

Bhilai: The 13th Remembrance Day of Mar Stephenos Mar Theodosios of the Malankara Orthodox Syrian Church was held at St. Thomas Ashram, Kailash Nagar Bhilai from 1st to 5th November.

On 1st Nov., after the Holy Qurbana the H.G. Dr. Joseph Mar Dionysus, the Diocesan Metropolitan hoisted the Feast flag. He also prayed that this remembrance feast will be a blessing to all. His Grace Alexios Mar Eusebios, Auxiliary Metropolitan of the Mavelikkara Diocese of the Malankara Orthodox Syrian Church, delivered the keynote address at the webinar on November 3rd at 7 pm on the theme 'Vision of Christ: A Comprehensive Perspective of Mar Theodosius'. Mar Eusebius reminisced that Mar Theodosius as, "a great humanitarian who was fondly called as the *Bada Baba* by the villagers". He was a great visionary father who always worked for the uplift of the villages.

The 48th Anniversary of St. Thomas Mission, Bhilai was oragnised as per the Covid protocols. The present Director of Bhilai Mission, H.G. Dr. Joseph Mar Dionysius chaired the programme. V. Rev. Thomas Ramban (Diocesan Secretary) and Fr. Aju K Varghese felicitated the meeting. A documentary on the various educational and social service activities of St. Thomas Mission conducted during the year was presented. V.Rev. Geevarghese Ramban (Mission Vice President) welcomed the guests and Fr. Jose K Varghese (Mission Secretary) proposed vote of thanks. Mar Theodosius Memorial Mementos and Cash Awards were conferred to the toppers of classes X and XII from various Schools under MGM Group of institutions affiliated to CBSE, ICSE and other State Boards.

On 5th morning, Holy Mass, incense prayers at the tomb and Apostolic blessings were offered by the Diocesan Bishop His Grace Joseph Mar Dionysus.

The feast came to an end with the partaking in love-feast.

The services were held as per standard operating procedures of Covid-19. The programmes which were Live cast was viewed by tens of thousands of people worldwide.

HAGIA *VIRTUAL* *CONTEST* **2020*

2020 was a tough time for each and everyone. Even in this tough situation we stand together and organised Hagia Virtual Contest 2020 for Martha Mariam Vanitha Samajam of Calcutta Diocese under Malankara Orthodox Syrian Church with the permission of our beloved Thirumeni H. G. Dr. Joseph Mar Dionysius Metropolitan.

Hagia Virtual Contest 2020 had three Contest.

Gloria* - *Solo* *Singing

27 contestants were participated in this contest. In which Chest No. HVG 25 (Mrs. Mini Sajee) from St. Mary's Syrian Orthodox church, Raipur unit stood First place and received ₹1500/- cash prize. Chest No. HVG 05 (Dr. Chinu Anith Philip) from St Thomas Orthodox Cathedral, Kolkata unit stood Second place and received ₹1000/- cash prize and Chest No. HVG 12 (Mrs. Rinu Aji) from Mar Gregorios Orthodox Syrian Church, Raigarh unit stood Third Place and received ₹500/- cash prize which is sponsored by Mr. P. Chacko from Bhopal in the loving memory of his wife Late Mariamma Chacko.

Logia* - *Elocution

12 contestants were participated in this contest. In which Chest No. HVL 12 (Mrs. Steffi Ann Subin) from Mar Gregorios orthodox Syrian Church, Guwahati unit stood First place and received ₹1500/- cash prize. Chest No. HVL 04 (Mrs. Suni Fred) from Mar Gregorios Orthodox Syrian Church, Bilaspur unit stood Second place and received ₹1000/- cash prize and Chest No. HVL 07 (Mrs. Reena Sunil) from Mar Gregorios Orthodox Syrian Church, Raigarh unit stood Third Place and received ₹500/- cash prize which is sponsored by Mrs. Beena Jacob from Kolar in the loving memory of her father Late. Shri T.T. Thomas.

Sophia* - *Quiz

07 UNITS were participated in this contest. In which Chest No. HVS 02 (Mrs. Jincy Jobby & Mrs. Joby Santhosh) from Mar Gregorios Orthodox Syrian Church, Bilaspur unit stood First place and received ₹1500/- cash prize. Chest No. HVS 04 (Mrs. Omana Thomas & Mrs. Jayacy Varghese) from St. George Orthodox Cathedral, Nagpur stood Second place and received ₹1000/- cash prize and Chest No. HVS 03 (Mrs. Jinu S. Abraham & Mrs. Reena Sunil) from Mar Gregorios Orthodox Syrian Church, Raigarh unit stood Third Place and received ₹500/- cash prize which is sponsored by Mrs. Susamma Thomas from Korba.

Jury members for Gloria and Logia contest are Rev. Fr. Richi Tom Mathew from Bengaluru, Rev. Fr. Lijo George from Chennai & Rev. Fr. Aneesh Kunjappan from Andaman . Rev. Fr. Aju Varghese, Bhilai was the Quiz Master for Sophia.

Quiz Master and Jury Members were appreciated each and every contestants and wish them a good luck.

We are thankful to our beloved Thirumeni H.G. Dr. Joseph Mar Dionysius Metropolitan. We are thankful to Unit President, Unit Members and Parish Managing Committee. We also extend our thanks to Martha Mariam Vanitha Samajam General Secretary (Mrs. Annamma Kochamma),Treasurer (Mrs. Merlin) and Zonal Secretaries. We also thankful to our Technical Supporter (Mr. Sanal Thampy and co workers) who made the Hagia Virtual Contest 2020 a grand success.

"HALLELUIAH 2020" Virtual competition of MGOCSM & YM

With the permission and blessings of the President tirumeni of our diocese, an online meeting of the Diocesan executive members and unit secretaries was held in the month of November 2020. The said meeting decided to hold a virtual competition under the banner "HALLELUIAH 2020" to encourage the members to come together for some creative and spiritual activities. The events were planned as a thanksgiving to God Almighty for keeping all of us safe during the pandemic. The "HALLELUIAH 2020" was organized keeping the festival of birth of our Lord 'Christmas' in mind and all the competitions were based on the theme of Christmas. The competitions were held for i) Group Song competition (song from rathri namaskaram of Eldho service), ii) Carol song competition, iii) Crib making competition and iv) Poster making competition (Theme - COVID & Christmas). The response was amazing as 12 units of the diocese participated in all the competitions. All the units submitted their responses on time on the scheduled date i.e 23rd December 2020.

To keep the competition fair enough, neutral judges were selected to evaluate the competitions. The song competitions were judged by Rev. Fr. Dr. Varghese P Varghese (Professor of Hymnology at OTS, Kottayam) and Rev. Fr. Dr. Mathew Varghese (Asst. director of Shruthi School of Music, Kottayam). The judges for Crib making competition and Poster making were Rev. Fr. Afilash T Isaac (Master of Fine arts, Diocese of Delhi) and Mrs. Soni Stalin (Mar Thomas Church, Vishakhapattanam). I take this opportunity to thank all the judges for their efforts and timely submission of results.

All the competitions were with cash prizes which were sponsored by Mr. Raju K.N (member of MGO Cathedral, Bhilai presently in Dubai) and Mr. Biju Cherian (Executive committee member of MGOCSM of Malankara OSC & member of Mar Gregorios IO Mahaedavaka, Kuwait). I extend my sincere thanks for sponsoring the events and encouraging the movement.

A virtual valedictory function for "HALLELUIAH 2020"was organized on Google platform on 6th January 2021and was telecasted on YouTube by the Diocesan Media wing "**Santhome Media**". The function was chaired by H.G. Dr. Joseph Mar Dionysius and was hosted by Mast. Jonathan Peter Jobby (Mar Gregorios OSC, Bilaspur). The function began with opening prayer by our tirumeni. The Vice President of the movement, Rev. Fr. Jobby Peter welcomed everyone and addressed the gathering. All the entries of all the competitions were presented which was applauded and appreciated by the audience. After all the presentations the judges presented their evaluation and advised the units about the scope of improvement. Then the President tirumeni declared the result of the competitions. Mr. Prashant Thomas, General Secretary of the MGOCSM of the diocese of Calcutta proposed the Vote of thanks and the function concluded with prayer and benediction.

The details of winners of "HALLELUIAH 2020" are as follows:-

Group Song Competition (Eldho song)
First – MGOSC & YM, Raipur
Second – MGOSC & YM, Nagpur
Third – MGOCS & YM, Bhilai

Carol Song Competition
First – MGOCS & YM, Raipur
Second – MGOCS & YM, Calcutta
Third– MGOCS & YM, Nagpur

Crib making Competition
First – MGOCS & YM, Raigarh
Second – MGOCS & YM, Kolar
Third– MGOCS & YM, Bilaspur

Poster Making Competition (COVID & Christmas)
First – MGOCS & YM, Nagpur & Korba
Second – MGOCS & YM, Raipur & Rourkela
Third– MGOCS & YM, Bilaspur & Bhilai

MGOCS & YM unit of St. Mary's OSC, Raipur bagged the overall championship for the "HALLELUIAH 2020".

ECF, Bhilai celebrates pre-Christmas

Bhilai : THE Episcopal Churches Fellowship (ECF, Bhilai) celebrated of pre-Christmas at Bethany Nursing College Chapel, Borsi. This year the celebrations were done virtually due to the pandemic COVID-19.

Episcopal Churches Fellowship ECF, Bhilai was founded on August 23, 2015 with His Grace Dr Joseph Mar Dionysius Metropolitan as it's' founder president.

The motto of ECF is prayer, study, sharing and is a platform for communion among the leaders of the various Episcopal Churches. The priests and their families and the nuns of Episcopal Churches namely Malankara Orthodox Syrian Church, Syro Malabar Catholic Church, Malankara Catholic Syrian Church, Marthoma Syrian Church, CSI Church, and Jacobite Church are its members.

Bible conventions are held every year In the month of October. Once in every two months meetings of its members are conducted. Christmas programmes are also conducted every year with great zeal and fervor.

ECF has decided not to allow the Pandemic to weigh upon our spirits and conduct Christmas 2020. Opening Prayer was delivered by Fr Joby kallungalVicar of Catholic Church, Padamanabhpur, Durg. Welcome Speech was given by Sr Prakash, Superior of Bethany Convent & Administrator of Bethany Vidhyalaya, Borsi. After this Duet by Daya Alma John & Nanma Elsa John, Dance byAlivi Kurian, Achsa Joshi and Aron Joshi were performed. Songs were presented by Hanna Mary George and Johanna Elijo.

Bible Reading was done by Fr Jithin George OIC, Bethany Church. Christmas Message was delivered by Most Rev Dr Jacob Mar Barnabas, Bishop of Gurgaon-Delhi Diocese. Rev Subin G Thomas & Family (CSI Church) and Rev Joby John & Family (Marthoma Church) also presented songs. The Group song by all the children of ECF community was an other attraction.

Christmas cake was cut Fr John Elias OIC, Vicar, Syro Malankara Catholic Church, Bhilal and distributed to all. Vote of Thanks was delivered by Fr Aju KVarghese, Secretary (ECF). Closing Prayer was made by Fr George C Varghese, Vicar of St George Orthodox Congregation Bhilai and Benediction was given by Fr Eljo Avarachan, Vicar of St Mary's Jacobite Church Bhilai.

The programme was beautifully compered by Sapna Joshi and Bency Kurian. The programme was live telecast by Santhome Media Bhilai Youlube channel by Fr Dr Joshi Varghese, Michael Fernandez, Sibi Varghese and Mr Shaju Mathew.

കുവൈറ്റ് സെന്റ് ഗ്രീഗോറിയോസ് മഹാഇടവകയുടെ പുതിയ ലോഗോ പ്രകാശനം ചെയ്തു.

കുവൈറ്റ് സെന്റ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാഇടവകയുടെ പുതിയ ലോഗോ ഇടവക മുൻ വികാരി ഫാ.ജേക്കബ് തോമസ് പ്രകാശനം ചെയ്തു. ഇടവക വികാരി ഫാ. ജിജു ജോർജ്ജ്, സഹവികാരി ഫാ. ലിജു പൊന്നച്ചൻ, ട്രഷറാർ മോണിഷ് പി ജോർജ്ജ്, സെക്രട്ടറി ജിജി ജോൺ, ഭരണസമിതിയംഗം സിബി അലക്സാണ്ടർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഇടവാംഗമായ മനോജ് പി എബ്രാഹാമാണ് ലോഗോ ഡിസൈൻ ചെയ്തിരിക്കുന്നത്.

കുവൈറ്റ് മഹാഇടവകയുടെ മൊബൈൽ ആപ്പ് പ്രകാശനം ചെയ്തു.

കുവൈറ്റ് സെന്റ് ഗ്രിഗോറിയോസ് ഇന്ത്യൻ ഓർത്തഡോകസ് മഹാഇടവകയുടെ എല്ലാ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്ന പുതിയ മോബൈബൽ ആപ്ളിക്കേഷൻ പുറത്തിറങ്ങി. ഇടവകയുടെ പ്രവർത്തനങ്ങളും അറിയിപ്പുകളും ഇടവക ജനങ്ങളിൽ എത്തിക്കുവാൻ വേണ്ടി തയ്യാറാക്കിയിരിക്കുന്ന മൊബൈൽ ആപ്പിന്റെ പ്രകാശനം ഇടവക വികാരി റവ. ഫാ. ജിജു ജോർജ് നിർവ്വഹിച്ചു.

നാഷണൽ ഇവാഞ്ചലിക്കൽ ചർച്ചിൽ നടന്ന ചടങ്ങിൽ സഹവികാരി റവ. ഫാ. ലിജു പൊന്നച്ചൻ, ട്രഷറാർ മോണീഷ് പി ജോർജ്ജ്, സെക്രട്ടറി ജിജി ജോൺ, മൊബൈൽ ആപ്പിന്റെ പ്രവർത്തനങ്ങൾക്ക് നേതൃതം നൽകിയ ഗ്രിഗോറിയൻ ടീമിലും ഇടവക ഭരണസമിതിയിലും അംഗങ്ങളായ സിബി അലക്സാണ്ടർ, ജുബിൻ പി ഉമ്മൻ, ദിലീപ് മാത്യു ജോൺ, ജിബു ജേക്കബ്, ജയിംസ് പീറ്റർ എന്നിവർ പങ്കെടുത്തു.

കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ 108–ാമത് വാർഷികം ആഘോഷിച്ചു

കുവൈറ്റ്. സെന്റ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാഇടവകയുടെ ആഭിമുഖ്യത്തിൽ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ 108-ാമത് വാർഷീകം ആഘോഷിച്ചു.

വിശുദ്ധ കുർബ്ബാനയ്ക്കുശേഷം എൻ ഈ സി കെയിൽ നടന്ന ചടങ്ങിൽ ഇടവകവികാരി ഫാ. ജിജു ജോർജ്ജ് കാതോലിക്കേറ്റ് പതാക ഉയർത്തുകയും പരിശുദ്ധ സഭയ്ക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ചെയ്തു. സഭയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രതിജ്ഞ സഹവികാരി ഫ. ലിജു പൊന്നച്ചൻ ചൊല്ലിക്കൊടുത്തു.

കാതോലിക്ക മംഗളഗാനാലാപനത്തോടെ ചടങ്ങുകൾ പര്യവസാനിച്ചു. ഇടവക ട്രഷറാർ മോണീഷ് ജോർജ്ജ്,

സെക്രട്ടറി ജിജി ജോൺ, ഭരണസമിതിയംഗ-ങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ആദ്യഫലപ്പെരുന്നാൾ 2020–ന്റെ റാഫിൾ കൂപ്പൺ പ്രകാശനം ചെയ്തു

കുവൈറ്റ്;സെന്റ് ഗ്രിഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാഇടവകയുടെ ആദ്യഫലപ്പെരുന്നാൾ 2020ന്റെ റാഫിൾ കൂപ്പണിന്റെ പ്രകാശനകർമ്മം ഇടവക വികാരി റവ. ഫാ. ജിജു ജോർജ്ജ് നിർവ്വഹിച്ചു തുടർന്ന് പ്രസ്തുത കൂപ്പണിന്റെ ആദ്യ വിൽപന മുതിർന്ന ഇടവകാംഗങ്ങളായ കെ എം ചാക്കോ, തോമസ് മാത്യു, പി സി ജോർജ്ജ്, സാബു ടി ജോർജ്ജ് എന്നിവർക്ക് നൽകിക്കൊണ്ട് നിർവ്വഹിച്ചു.

സിറ്റി നാഷണൽ ഇവാഞ്ചലിക്കൽ ചർച്ചിൽ വെള്ളിയാഴ്ച വിശുദ്ധ കുർബ്ബാനയ്ക്കുശേഷം നടന്ന ചടങ്ങിൽ ഇടവക സഹവകാരി റവ. ഫാ. ലിജു പൊന്നച്ചൻ, ഇടവക ട്രഷറാറും ഹാർവെസ്റ്റ് ഫെസ്റ്റിവൽ ജനറൽ കൺവീനറുമായ മോണീഷ് പി ജോർജ്ജ്, സെക്രട്ടറി ജിജി ജോൺ, ഹാർവെസ്റ്റ് ഫെസ്റ്റിവൽ ജോയിന്റ് കൺവീനേഴ്സായ ജിബു ജേക്കബ് മാത്യു, ജെയിംസ് പീറ്റർ, വർഗ്ഗീസ് ജോസഫ്, ദിലീപ് മാത്യു ജോൺ എന്നിവർ ചടങ്ങിൽ സന്നഹിതരായിരുന്നു.

കൽക്കട്ടാ ഭദ്രാസനത്തിന്റെ കുവൈറ്റ് സോൺ സംയുക്ത പ്രാർത്ഥനാ യോഗം നടത്തി.

മലങ്കര ഓർത്തഡോക്സ് സഭയുടെ കൽക്കട്ടാ ഭദ്രാസനത്തിന്റെ കുവൈറ്റ് സോണിലുള്ള ഇടവകകളുടെ സംയുക്ത പ്രാർത്ഥനാ യോഗം ഒക്ടോബർ 30 വെള്ളിയാഴ്ച വൈകിട്ട് നടത്തി.

ഗൂഗിൾ മീറ്റ് വഴി നടന്ന യോഗത്തിൽ കൽക്കട്ടാ ഭദ്രാസനാധിപനും പ്രാർത്ഥനായോഗം പ്രസിഡണ്ടുമായ ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലത്ത മുഖ്യ പ്രഭാഷകൻ ആയിരുന്നു. ഭദ്രാസന പ്രാർത്ഥനായോഗം വൈസ് പ്രസിഡണ്ട് ഫാ. ഷൈജു ഫിലിപ്പ്, കുവൈറ്റ് സോണിലുള്ള വൈദീകരായ ഫാ. ജിജു ജോർജ്ജ്, ഫാ. മാത്യു എം മാത്യു, ഫാ, ജോൺ ജേക്കബ്, ഫാ. ലിജു പൊന്നച്ചൻ, കുവൈറ്റ് സോണൽ സെക്രട്ടറി സാമുവൽ ചാക്കോ എന്നിവർ നേതൃത്വം നൽകി.

2–ാമത് കുവൈറ്റ് സോൺ സംയുക്തപ്രാർത്ഥനാ യോഗം നടത്തി.

മലങ്കര ഓർത്തഡോക്സ് സഭയുടെ കൽക്കട്ടാ ഭദ്രാസനത്തിന്റെ കുവൈറ്റ് സോണിലുള്ള ഇടവകകളുടെ 2-ാമത് സംയുക്ത പ്രാർത്ഥനായോഗം ജനുവരി 29 വെള്ളിയാഴ്ച വൈകിട്ട് നടത്തി. സൂം/സ്കൈപ്പ് മീറ്റ് മുഖേന നടന്ന യോഗത്തിൽ കൽക്കട്ടാ ഭദ്രാസനാധിപനും പ്രാർത്ഥനായോഗം പ്രസിഡണ്ടുമായ ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലിത്ത, ഭദ്രാസന പ്രാർത്ഥനായോഗം വൈസ് പ്രസിഡണ്ട് ഫാ. ഷൈജു ഫിലിപ്പ്, കുവൈറ്റ് സോണിലുള്ള വൈദീകരായ ഫാ. ജിജു ജോർജ്ജ്, ഫാ. മാത്യു എം മാത്യു, ഫാ, ജോൺ ജേക്കബ്, ഫാ. ലിജു പൊന്നച്ചൻ, കുവൈറ്റ് സോണൽ സെക്രട്ടറി സാമുവൽ ചാക്കോ എന്നിവർ നേതൃത്വം നൽകി.

ഹല്ലേൽ 2020 ക്രിസ്തുമസ് കരോൾ മത്സരത്തിൽ കുവൈറ്റ് മഹാഇടവക ഒന്നാം സ്ഥാനം കരസ്ഥമാക്കി.

കുവൈറ്റ് ഇന്ത്യൻ ഓർത്തഡോക്സ് സഭ ക്രമീകരിച്ച ഹല്ലേൽ 2020 ക്രിസ്തുമസ് കരോൾ മത്സരത്തിൽ കുവൈറ്റ് സെന്റ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാഇടവകയുടെ ഗായകസംഘം ഒന്നാം സ്ഥാനം നേടി 10001 രൂപയുടെ ക്യാഷ്പ്രൈസും ട്രോഫിയും കരസ്ഥമാക്കി. കൂടാതെ കൂടുതൽ ലൈക്കും ഷെയറും ലഭിച്ച ടീമിനുള്ള സമ്മാനമായ 2501 രൂപയുടെ ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റും മഹാഇടവകയുടെ ടീമിനു തന്നെ ലഭിച്ചു.

ജനുവരി 31 ഞായറാഴ്ച വൈകിട്ട് മലങ്കര സഭയുടെ അമേരിക്കൻ നോർത്ത് ഈസ്റ്റ് ഭദ്രാസനാധിപനും

സഭയുടെ എക്യൂമിന-ിക്കൽ വിഭാഗം പ്രസിഡണ്ടുമായ സഖറിയാ മാർ നിക്കോളോവാസ് മെത്രാപ്പോലിത്തയാണ് വിജയികളെ പ്രഖ്യാപിച്ചത്.

ആനീദൊ ഞായറാഴ്ചയുടെ ഭാഗമായി ധൂപപ്രാർത്ഥന നടത്തി.

കുവൈറ്റ് സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാഇടവകയിലെ യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ വിശ്വാസികളായി വാങ്ങിപ്പോയവർക്കുവേണ്ടി ധൂപപ്രാർത്ഥന നടത്തി. പരിശുദ്ധ വലിയ നോമ്പിന് മുന്നോടിയായി സകല മരിച്ചുപേയവരെയും ഓർക്കുന്ന ആനീദോ ഞായറാഴ്ചയുടെ ഭാഗമായി സുലൈബിക്കത്ത് സെമിത്തേരിയിൽ നടന്ന ചടങ്ങിന് ഇടവക വികാരിയും പ്രസ്ഥാനത്തിന്റെ പ്രസിഡണ്ടുമായ ഫാ. ജിജു ജോർജ്ജ്, സഹവികാരിയും പ്രസ്ഥാനത്തിന്റെ വൈസ്പ്രസിഡണ്ടുമായ ഫാ. ലിജു പൊന്നച്ചൻ എന്നിവർ നേതൃത്വം നൽകി.

ഹല്ലേൽ 2020 ക്രിസ്തുമസ് കരോൾ മത്സരത്തിൽ
കുവൈറ്റ് മഹാഇടവക ഒന്നാം സ്ഥാനം കരസ്ഥമാക്കി.

Perunal St. Stephen's Orthodox Church, Dalli-Rajhara

"Two are better than one, because they have a good reward for their toil"
(Ecclesiastes 4:9)

Together our parents have created a beautiful world around us with their love and warmth.

Aatharangaligal



K.G. THOMAS

First Death Anniversary

10-12-2020

D-54, SHAILENDRA NAGAR, RAIPUR

By sorrowing family Saramma Thomas (wife) Daughters: Sicily, Jessy, Mini Son in laws: Philips George, Thomas Mathew, Alex P. Mathew Grand children and Great grand children

For Private Circulation Only Vol-XII Issue I January - March 2021

V. G. Yohannan

8th Death Anniversary

22.01.2021

Vettikkattil House, Pathanapuram

മരിക്കാത്ത ഓർമ്മകളോടെ ഭാര്യ :

അന്നമ്മ യോഹന്നാൻ

മക്കൾ :

ജോജി ജോർജ് & ഫാമിലി
ലെവിൻ യോഹന്നാൻ & ഫാമിലി
ലൂയിസ് യോഹന്നാൻ & ഫാമിലി

33rd Death Anniversary

Rev. Fr. K. M. Varghese

(26.03.1988)

Former Treasurer & Secretary
St. Thomas Mission, Bhilai

May His Soul Rest in Peace

In Loving Memory....

Sosamma Zachariah

15th Death Anniversary

15.02.2021

Asha Vihar, Pattathanam, Kollam

Inserted By:
P. A. Zachariah (Husband)
Bokaro Steel City

Daughters:
Dr. Asha Ajith
(KIMS Hospital, Tvm.)
Dr. Shyni Roney Alex
(UK)

Son-in-Laws:
Dr. Ajith Thomas
(KIMS Hospital, Tvm.)
Dr. Roney A. Cheriyan
(UK)

Published by : Fr. Aju K Varghese for Diocese of Calcutta, Bhilai - 26 (C.G.)
Chief Editor : Fr. Dr. Abraham Oommen